നിയമ സംസ്കാര കേന്ദ്രത്തിന്റെ

3.00 ക.

# ജനനീതി

മെയ് 2007

# കൃഷിഭൂമി പിടിച്ചെടുക്കുന്നതിന്നെതിരെ




**പ്രത്യേക സാമ്പത്തികമേഖലക്കുവേണ്ടിയുള്ള നിർബ്ബന്ധ അക്വിസിഷന്നെതിരെ ജനകീയ സംഘടനകൾ സംഘടിപ്പിച്ച "സംഘർഷം – 2007" ൽ മേധാ പട്കർ, സ്വാമി അഗ്നിവേശ് തുടങ്ങിയവർ.**

121

# ജനങ്ങളിൽ 79 ശതമാനവും രാഷ്ട്രീയക്കാരെ വെറുക്കുന്നു

ദൽഹിയിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് വാരികയായ ഔട്ട്‌ലുക്ക് കഴിഞ്ഞ ഫെബ്രുവരിയിൽ ദൽഹി, മുംബൈ, കൽക്കത്ത്, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിലും സമീപത്തുള്ള ഗ്രാമങ്ങളിലുമായി രാഷ്ട്രീയം സംബന്ധിച്ചൊരു സർവ്വെ നടത്തി. രാഷ്ട്രീയക്കാരെക്കുറിച്ച് എന്തു കരുതുന്നുവെന്ന ചോദ്യത്തിന്ന് 79 ശതമാനവും തങ്ങളവരെ ഇഷ്ടപ്പെടുന്നില്ല എന്നായിരുന്നു മറുപടി. ഈ അനിഷ്ടത്തിന്ന് എന്താണ് കാരണമെന്ന ചോദ്യത്തിന് പലരും പല കാരണമാണ് പറഞ്ഞത്. 20 ശതമാനം പേർ രാഷ്ട്രീയക്കാരുടെ അഴിമതിയാണ് കാരണമായി പറഞ്ഞതെങ്കിൽ, സാധാരണക്കാരെക്കുറിച്ച് അവർക്കൊരു ചിന്തയുമില്ലെന്ന് 18 ശതമാനം പറഞ്ഞു. രാഷ്ട്രീയക്കാർ സ്വാർത്ഥ ലാഭത്തിനുവേണ്ടി ജനങ്ങളെ കരുവാക്കുന്നുവെന്ന് 17 ശതമാനം ആക്ഷേപിച്ചു.

സത്യസന്ധരായവർക്ക് രാഷ്ട്രീയത്തിൽ വിജയിക്കാനാകുമോ?

കഴിയും 35% കഴിയില്ല 65%

ഏതെങ്കിലും രാഷ്ട്രീയ കക്ഷിക്ക് ഏതെങ്കിലും പ്രത്യയശാസ്ത്രത്തോട് പ്രതിബദ്ധതയുള്ളതായി കരുതുന്നുണ്ടോ?

ഉണ്ട് 18% ഇല്ല 82%

രാഷ്ട്രീയക്കാർ ഇന്ത്യൻ ജനാധിപത്യത്തിന്ന് ചീത്തപ്പേരുണ്ടാക്കുന്നതായി കരുതുന്നുണ്ടോ?

ഉണ്ട് 76% ഇല്ല 14% അറിയില്ല 10%

രാഷ്ട്രീയക്കാർ സ്ഥിരമായി ഉരുവിട്ടുകൊണ്ടിരിക്കുന്ന രാഷ്ട്രീയ അജണ്ടകളിൽ നിങ്ങൾക്ക് വിശ്വാസമുണ്ടോ?

ഉണ്ട് 16% ഇല്ല 84%

നിങ്ങളുടെ മകനെ അല്ലെങ്കിൽ മകളെ രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ നിങ്ങൾ അനുവദിക്കുമോ?

അനുവദിക്കും 34% അനുവദിക്കില്ല 66%

രാഷ്ട്രീയക്കാരിൽ പുരുഷൻമാരേക്കാൾ സത്യസന്ധരാണ് സ്ത്രീകളെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

കരുതുന്നുണ്ട് 35% കരുതുന്നില്ല 24% അറിയില്ല 41%

രാഷ്ട്രീയക്കാർ അവരുടെ ശിങ്കിടികളെ ഒഴിവാക്കുകയും ജനങ്ങൾക്ക് നേരിട്ട് ഇടപെടാറാക്കുകയും വേണമോ?

വേണം 70% വേണ്ട 2% അറിയില്ല 28%

സാധാരണക്കാരുടെ ബുദ്ധിമുട്ടിനെക്കുറിച്ച് ചിന്തിക്കാതെ രാഷ്ട്രീയക്കാരുടെ കാറുകളെ കടത്തിവിടാനായി ഗതാഗതം സ്തംഭിപ്പിക്കുമ്പോൾ നിങ്ങൾ അസ്വസ്ഥരാകാറുണ്ടോ?

ഉണ്ട് 80% ഇല്ല 20%

ജനനീതി

മെയ് 2007
**121**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ജനാധിപത്യാഭാസം ജനാധിപത്യത്തെ നശിപ്പിക്കും

ജനപ്രതിനിധികൾ ഫയൽമാന്മാരാകുന്ന കാഴ്ചയാണ് നാം മാർച്ച് അവസാനവാരത്തിൽ കണ്ടത്. പാർലിമെന്റിൽ ഭരണപക്ഷത്തുള്ളവർ തന്നെ പരസ്പരം തല്ലുന്നത് കാണാൻ കഴിഞ്ഞു. കേരള നിയമസഭയിലും അംഗങ്ങൾ അടിപിടിയുടെ വക്കത്തെത്തി. കേഡികളെ നിരീക്ഷിക്കാൻ ഗവർമ്മേണ്ട് പോലീസിനെ നിയോഗിക്കാറുണ്ട്. ഒരുപക്ഷെ ആ ആചാരമനുസരിച്ചായിരിക്കും നിയമസഭയിലും പോലീസിനെ വിന്യസിച്ചത്. ഇതെല്ലാം കണ്ടിട്ടും കേട്ടിട്ടും ഇവിടെ ഒരാൾക്കും ഒരുവേവലാതിയുമില്ല.

തലയുടക്കുന്നതല്ല, തലയെണ്ണുന്നതാണ് ജനാധിപത്യമെന്നത് പഴയൊരു ചൊല്ലാണ്. നമ്മുടെ ജനപ്രതിനിധികൾക്ക് ഇതറിയില്ലെന്നത് തീർച്ച. തലയെണ്ണുന്നതിനേക്കാൾ തലയുടക്കുന്നതിലാണ് തങ്ങൾക്ക് കൂടുതൽ വൈദഗ്ധ്യമെന്ന് അവർ ഓരോ നിയമസഭാ സമ്മേളനം കഴിയുമ്പോഴും തെളിയിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുന്ന പ്രശ്നം ബ്രിട്ടീഷ് പാർലിമെന്റിൽ ചർച്ചയ്ക്കുവന്നപ്പോൾ, ചർച്ചൽ അതിനെ എതിർത്തിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യവിട്ടാൽ, ഇന്ത്യക്കാർ പരസ്പരം തമ്മിൽതല്ലിചാവും എന്ന് അദ്ദേഹം താക്കീത് നൽകി. ഇന്ത്യക്കാർക്ക് തമ്മിൽ തല്ലാനും സ്വാതന്ത്ര്യം വേണം എന്നാണ് ഗാന്ധിജി അതിനെ പരാമർശിച്ചുകൊണ്ട് പറഞ്ഞത്. ഗാന്ധിജിക്ക് അറം പറ്റിയെന്നാണോ നാം ധരിക്കേണ്ടത്?

നമുക്ക് പാശ്ചാത്യരാജ്യങ്ങളെ കുറ്റം പറയാം. പക്ഷെ അവിടത്തെ ജനപ്രതിനിധികൾ കാണിക്കുന്ന ഉത്തരവാദിത്വബോധത്തിന്റെ ഒരു ശതമാനമെങ്കിലും നമ്മുടെ ജനപ്രതിനിധികൾക്കുണ്ടായെങ്കിൽ, ഇന്ത്യ മുമ്പെന്നോതന്നെ വൻശക്തികൾക്കിടയിൽ സ്ഥാനം പിടിക്കുമായിരുന്നു. ഇറാഖിൽ പാശ്ചാത്യർ നടത്തിവരുന്ന അധിനിവേശത്തെ അമേരിക്കക്കാരിൽ പകുതിയും എതിർക്കുന്നു; അമേരിക്കൻ ജനപ്രതിനിധികളിൽ പകുതിയും എതിർക്കുന്നു. പക്ഷെ ജനപ്രതിനിധിസഭയിൽ അവർ ചർച്ച നടത്തി തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. ജനപ്രതിനിധിസഭയിൽ ഡെമോക്രാറ്റുകളും റിപ്പബ്ലിക്കൻമാരും തമ്മിൽ കയ്യാങ്കളി നടന്നതായി നാം ഒരിക്കലും വായിക്കാറില്ല. ബ്രിട്ടനിലും ഇതുതന്നെയാണ് സ്ഥിതി. ഇന്ത്യയിലായിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി എന്നോർത്തുനോക്കൂ.

ഇന്ത്യയിൽ എന്തുകൊണ്ട് ഇതെല്ലാം സംഭവിക്കുന്നു? രാഷ്ട്രീയ നേതൃത്വത്തിന്റെ പരാജയംകൊണ്ട് എന്നായിരിക്കും മറുപടി. സ്വാതന്ത്ര്യം നേടി ഇരുപതുകൊല്ലത്തേക്ക് ഇന്ത്യയിലും ജനപ്രതിനിധികൾ മര്യാദക്കാരായിരുന്നു; പാർലിമെന്റിലും നിയമസഭകളിലും ഗൗരവമായ ചർച്ചകൾ നടന്നുകൊണ്ടിരുന്നു. ഇന്ദിരാഗാന്ധിയുടെ അധികാരാരോഹണത്തോടെയാണ് ഇവിടത്തെ ജനാധിപത്യം ജനാധിപത്യാഭാസമായി മാറിയത്. ജയപ്രകാശിനെപ്പോലെയും മൊറാർജിയെപ്പോലെയുമുള്ള ത്യാഗിവര്യൻമാരെ പിടിച്ച് ജയിലിലടച്ച കൈകൾ ജനാധിപത്യത്തിന്റെ ഉദകക്രിയ നടത്തിയ കൈകളായിരുന്നുവെന്ന് തുറന്നു പറയാൻ കഴിവുള്ള എത്രപേർ ഇന്നുണ്ട്? ആ ഇന്ദിരാഗാന്ധിയുടെ അനുയായികളാണെന്ന് അഭിമാനിക്കുന്നവരല്ലെ ഇന്ന് ദൽഹിയിൽ വാഴുന്നത്? ജനാധിപത്യം ജനാധിപത്യാഭാസമായതിന്റെ കഥയാണ് കഴിഞ്ഞ നാല്പതുകൊല്ലത്തെ ഇന്ത്യാ ചരിത്രത്തിന്നു പറയാനുള്ളത്.

പാർലിമെന്റിലും നിയമസഭകളിലും എത്തിപ്പെടുന്നവർക്കായി ഒരുമാസത്തെ ഒരു ചരിത്ര പഠന കോഴ്സ് ഏർപ്പാട് ചെയ്യുന്നത് വളരെ പ്രയോജനകരമായിരിക്കും. വിദ്യകൊണ്ടും വിത്തം കൊണ്ടും അദ്വിതീയമായിരുന്ന ഇന്ത്യ നിരന്തരം വിദേശീയാധിനിവേശങ്ങൾക്ക് ഇരയായിക്കൊണ്ടിരുന്നത് ഇവിടത്തെ തമ്മിൽ തല്ലുമൂലമായിരുന്നു. കൊച്ചിരാജാവും സാമൂതിരിയും തമ്മിലുള്ള കുടിപ്പകയാണ് പോർത്തുഗീസുകാർക്കും ഡച്ചുകാർക്കും ഫ്രഞ്ചുകാർക്കും ഇംഗ്ലീഷുകാർക്കുമെല്ലാം ഇവിടെ കയറിപ്പറ്റാൻ സൗകര്യമുണ്ടാക്കിയത്. ഇതുതന്നെയാണ് ബംഗാളിലും മഹാരാഷ്ട്രത്തിലും ഡൽഹിയിലുമെല്ലാം ആവർത്തിച്ചത്. ഇതു ചരിത്രം; നാളെ ഇവിടെ ആവർത്തിക്കാൻ പോകുന്നതും ഇതുതന്നെയായിരിക്കുമെന്നാണ് നമ്മുടെ ജനപ്രതിനിധികൾ നമ്മോടു പറഞ്ഞുകൊണ്ടിരിക്കുന്നത്; അഥവാ പ്രവർത്തിയിലൂടെ കാണിച്ചുതന്നുകൊണ്ടിരിക്കുന്നത്.

ജനങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ജനാധിപത്യത്തെ രക്ഷിച്ചെടുക്കണമെന്നത് എല്ലാ രാഷ്ട്രീയ പ്രവർത്തകരുടേയും ആവശ്യമാണ്. അധികാരാർത്തികൊണ്ട് അന്തം കെട്ട നേതാക്കൻമാർക്കു മാത്രമെ നിക്ഷിപ്ത താൽപര്യങ്ങളുള്ളൂ. ജനാധിപത്യത്തെ രക്ഷിക്കണമെന്നത് പാവങ്ങളുടേയും പൊതു പ്രവർത്തകരുടേയും ആവശ്യമാണ്. " പത്യം" എതാണെന്നത് പണക്കാർക്കൊരു പ്രശ്നമല്ല. ജനാധിപത്യത്തിലും സേഛാധിപത്യത്തിലും അവർ തഴച്ചുവളരും. എന്നാൽ പാവങ്ങൾക്കുള്ള ഒരേഒരു രക്ഷാമാർഗ്ഗം ജനാധിപത്യമാണ്. അതിനെ അലങ്കോലപ്പെടുത്തുന്ന ജനപ്രതിനിധികളെ പിടിച്ചു നിർത്തി ചോദ്യംചെയ്യാൻ അവർ തയ്യാറാകണം. ജനങ്ങൾ പൊറുക്കുകയില്ലെന്ന് ബോധ്യം വന്നാൽ നമ്മുടെ ജന ⇨

## ഇന്ത്യൻ ജനാധിപത്യത്തിനുള്ള രാഷ്ട്രീയക്കാരുടെ സംഭാവന

* പാർലിമെന്റിലും നിയമസഭകളിലും ഹാജർ കുറവാണ്; സഭാനടപടികൾ നിരന്തരം തടസ്സപ്പെടുന്നു. ശരാശരി 100 ദിവസം സമ്മേളിക്കേണ്ട ലോകസഭ 45 ദിവസമേ പ്രവർത്തിക്കുന്നുള്ളൂ.
* പാർട്ടികൾ തറവാട്ടുസ്വത്തുക്കളായിത്തീർന്നിരിക്കുന്നു. കോൺഗ്രസ്സിലും ഡി.എം.കെ. യിലും സമാജ് വാദി പാർട്ടിയിലും രാഷ്ട്രീയ ജനതാദളിലും അകാലിദളത്തിലും കുടുംബഭരണമാണ്.
* പ്രത്യയശാസ്ത്രപരമായ ഒളിച്ചുകളികൾ സർവ്വസാധാരണം. ഇടതുപക്ഷകക്ഷികൾ സാമ്പത്തിക നയങ്ങളിൽ വിട്ടുവീഴ്ചക്കുതയ്യാറായി. ബി.ജെ.പി. സ്വദേശിവാദം കൈവിട്ടു. കോൺഗ്രസ് സൗകര്യപൂർവ്വം മൃദുഹിന്ദുത്വം അവലംബിക്കുന്നു.
* മർമ്മപ്രധാനമായ പ്രശ്നങ്ങളിൽ കാലുമാറ്റം. വി.പി. സിങ്ങ് ബോഫേഴ്സ് പക്ഷത്തായി; സമാജ് വാദി പാർട്ടി അതിന്റെ കിസാൻ വീക്ഷാഗതി കൈവിട്ട് മുതലാളിത്ത ഭക്തരായി.
* ശത്രുക്കൾ പെട്ടെന്ന് മിത്രങ്ങളാകുന്നു. ഡി.എം.കെ. യും കോൺഗ്രസ്സും ഇപ്പോൾ ചങ്ങാതിമാരാണ്. ജനതാദളവും ബി.ജെ.പി. യും കൂട്ടുകെട്ടുണ്ടാക്കുന്നു. മായാവതി തോന്നുംപോലെ സഖ്യകക്ഷികളെ മാറ്റുന്നു.
* എല്ലാ പാർട്ടികളും ക്രിമിനലുകൾക്ക് ടിക്കറ്റ് നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ ബീഹാർ അസംബ്ലിയിൽ ക്രിമിനലുകളായ 26 പേരുണ്ട്; മറ്റൊരു 107 എം.എൽ.എ. മാരുടെ പശ്ചാത്തലം സംശയാവഹമാണ്.
* അഴിമതിക്കാരായ രാഷ്ട്രീയക്കാരെ പിടികൂടുന്നത് വിരളമാണ്. പാർലിമെന്റിൽ ചോദ്യം ഉന്നയിക്കുന്നതുവരെയുള്ള കാര്യങ്ങളിൽ രാഷ്ട്രീയക്കാർ പണമുണ്ടാക്കുന്നതായി തോന്നുന്നു.
* രാഷ്ട്രീയക്കാരിപ്പോൾ വൻകിട ബിസിനസ്സുകാരുടെ കൈകളിലെ പാവകളാണ്. രാഷ്ട്രീയ കക്ഷികളുടെ നടത്തിപ്പുതന്നെ ബിസിനസ്സുകാരുടെ കൈകളിലമർന്നിരിക്കുന്നു. ❑

പ്രതിനിധികൾ മര്യാദക്കാരായിക്കൊള്ളും.

ജനങ്ങളുടെ മുന്നിൽ സമർപ്പിച്ച പ്രകടനപത്രികക്ക് തിരഞ്ഞെടുപ്പുകഴിഞ്ഞാൽ കാൽ കാശിന്റെ വിലകല്പിക്കാതിരിക്കുക, പ്രതിപക്ഷത്തിരിക്കുമ്പോൾ എതിർത്തതെല്ലാം അധികാരത്തിൽ വരുമ്പോൾ സ്വയം ഏറ്റെടുത്ത് നടപ്പാക്കുക; അധികാരത്തിലിരിക്കെ ചെയ്തതിനെയെല്ലാം പ്രതിപക്ഷത്താകുമ്പോൾ എതിർക്കുക; ഇത്തരം ആഭാസത്തരങ്ങളെ ചോദ്യം ചെയ്യാൻ ജനങ്ങൾ തയ്യാറാകേണ്ടതുണ്ട്.

ജനപ്രതിനിധികളുടെ കൂത്താട്ടങ്ങളെ, വെടിക്കെട്ടുകാണുന്ന ലാഘവത്തോടെ, കണ്ട് കയ്യടിക്കുന്ന സ്വഭാവം ജനങ്ങൾ കൈവെടിയണം. ജനപ്രതിനിധിയെന്ന നിലക്കുള്ള ഉത്തരവാദിത്വം അന്തസ്സോടെ നിറവേറ്റാൻ ശേഷിയോ സൻമനസ്സോ ഇല്ലാത്തവർ ജനാധിപത്യത്തിന്റെ നാരായവേരറുക്കുന്നവരാണ്. ❑

# പോലീസ് കിരാതത്വവും തീരാത്ത വിചാരണയും

**- ഹർഷ മന്ദർ -**

ഇരുപതുകൊല്ലം മുമ്പാണ്–1987 ൽ– പോലീസ് അമ്പതോളം മുസ്ലീമുകളെ വളഞ്ഞുപിടിച്ച്, വെടിവച്ചുകൊന്ന് തോട്ടിലൊഴുക്കി. അതുസംബന്ധിച്ച കേസ് ഇന്നും എങ്ങുമെത്താതെ തുടരുന്നു. പ്രതികളായ 19 പോലീസുകാരിൽ മൂന്നുപേർ മരിച്ചു കഴിഞ്ഞു. മറ്റുള്ളവർ വിചാരണദിവസം കോടതിയിൽ ഹാജരാകുന്നുണ്ട്; അതേസമയം അവർ സർവ്വീസിൽ തുടർന്നുകൊണ്ട് ശമ്പളവും വാങ്ങുന്നു.

1987 ഏപ്രിലിൽ യു.പി. യിലെ മീറത്തിലാണ് തുടക്കം. അന്നവിടെ ഒരു വർഗ്ഗീയ കലാപമുണ്ടായി. ഇരുകൂട്ടരും അന്യോന്യം കുറെപേരെ കൊന്നു; കുറെ സ്വത്തുകൾ തീവച്ചുനശിപ്പിച്ചു. മുസ്ലീംവിരുദ്ധസേന എന്ന് കുപ്രസിദ്ധി നേടിയിട്ടുള്ള യു.പി. സായുധപോലീസ് നഗരത്തിൽ വേട്ട നടത്തി. കലാപം ഒരു മാസത്തിലേറെ നീണ്ടുനിന്നു.

1987 മേയ് 22ന്ന് വൈകുന്നേരം മീറത്ത് നഗരത്തിലെ തൊഴിലാളികളുടെ കോളനിയായ ഹാഷിംപുരയിൽ സായുധ പോലീസിന്റെ വണ്ടികളെത്തി. ഹാഷിംപുര കോളനിയിലെ ജനങ്ങളിൽ മിക്കവരും മുസ്ലീമുകളാണ്. കോളനിയിലെ കായികശേഷിയുള്ള മുസ്ലീമുകളെയെല്ലാം പോലീസ് റോഡിലിറക്കി നിരത്തിനിർത്തി; അതിന്നുശേഷം വീടുകൾ ഒന്നൊന്നായി പരിശോധിച്ചു; വിലപിടിപ്പുള്ളതെല്ലാം തല്ലിത്തകർത്തു അതിന്നുശേഷം റോഡിൽ നിർത്തിയിരുന്ന 324 പേരേയും പോലീസ് വണ്ടികളിൽ കയറ്റി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. (പോലീസ് സ്റ്റേഷനിൽ വച്ച് എല്ലാവരേയും മതിവരുവോളം മർദ്ദിച്ചശേഷം ജയിലിലാക്കുകയും ജയിലിലെ തടവുകാരെക്കൊണ്ട് ഇവരെ തല്ലിക്കുകയും ചെയ്തു. തടവുകാരുടെ മർദ്ദനത്തിൽ അഞ്ചുപേർ കൊല്ലപ്പെട്ടു).



നീതിക്കുവേണ്ടി ഹാഷിംപുര നിവാസികളുടെ സമരം

ഹാഷിംപുരയിൽനിന്ന് കായികശേഷി യുള്ളവരെയെല്ലാം കൊണ്ടുപോയതി ന്നുശേഷം പോലീസ് വന്ന് വൃദ്ധൻമാ രേയും കൗമാരപ്രായത്തിലുള്ളവരേയും പിടികൂടി. ഇങ്ങനെ പിടികൂടിയ അമ്പ തോളംപേരെ ഒരു ട്രക്കിൽ കയറ്റി കൊണ്ടുപോയി. പോലീസ് സ്റ്റേഷനി ലേക്കാണ് പോകുന്നതെന്നാണ് എല്ലാ വരും കരുതിയത്. എന്നാൽ ട്രക്ക് നഗ രത്തിന്നുപുറത്തേക്കാണ് പോയത്. ട്രക്കിലുള്ളവർ ബഹളം കൂട്ടിയെങ്കിലും നിശാനിയമം നിലവിലുള്ളതിനാൽ ആരും കേട്ടില്ല; പുറത്തിറങ്ങിയില്ല. നേരം ഇരുട്ടിയതോടെ ട്രക്ക് ഗംഗാകനാ ലിന്റെ വക്കത്ത് നിർത്തി.

പോലീസുകാർ ഇറങ്ങിവന്ന് ട്രക്കിന്റെ വക്കത്ത് നിന്നിരുന്ന ഒരാളെ വലിച്ചിറ ക്കികൊണ്ടുപോയി. കുറച്ചുകഴിഞ്ഞ പ്പോൾ ഒരു വെടിയൊച്ചകേട്ടു. പിടി ച്ചുകൊണ്ടുപോകപ്പെട്ട ആൾ ചത്തു വീണു; അയാളുടെ മൃതദേഹം ഗംഗാ കനാലിലേക്ക് വലിച്ചെറിഞ്ഞു. പോലീ സുകാർ വീണ്ടും വന്ന് ഒരാളെക്കൂടി വലിച്ചിറക്കിക്കൊണ്ടുപോയി. വെടി യൊച്ചയും മൃതദേഹം കനാലിൽ വലി ച്ചെറിയുന്ന ശബ്ദവും കേട്ടു. പോലീസ് വീണ്ടും വന്നു. ഇത്തവണ 17 വയസ്സുള്ള സുൾഫിക്കർ എന്നൊരു ചെറുപ്പക്കാരനെയാണ് വലിച്ചിറക്കി ക്കൊണ്ടുപോയത്. മുമ്പത്തെപ്പോലെ വെടിയൊച്ചയും ശരീരം കനാലിലിടുന്ന ശബ്ദവും ട്രക്കിലുള്ളവർ കേട്ടു.

പക്ഷെ സുൾഫിക്കർ മരിച്ചിരുന്നില്ല. ഇരുട്ടിൽ നടന്ന വെടിവെപ്പിൽ ഉണ്ട ചുമ ലിലാണ് ഏറ്റത്. വെടിയേറ്റ് സുൾഫി ക്കർ വീണപ്പോൾ അയാളും ചത്തുവെ ന്നുകരുതി പോലീസ് അയാളെ കനാ ലിൽ വലിച്ചെറിഞ്ഞു. കുറച്ചുദൂരം കനാലിൽകൂടി ഒഴുകിപ്പോയ സുൾഫി ക്കറിന്ന് ഏതോ പാഴ്ച്ചെടിയിൻമേൽ പിടുത്തം കിട്ടി. അതിന്മേൽ പിടിച്ചുക യറിയ അയാൾ ഒരു മൂത്രപ്പുരയിൽ ഒളി ച്ചിരുന്നു.

ട്രക്കിന്നുപുറത്ത് നടക്കുന്നതെന്താ ണെന്ന് ട്രക്കിലുള്ളവർ അതിന്നകം മന സ്സിലാക്കിക്കഴിഞ്ഞിരുന്നു. അവർ ട്രക്കിൽ കിടന്ന് അലമുറയിട്ടു. അരിശം പൂണ്ട പോലീസുകാർ ട്രക്കിൽ കയറി കണ്ടവരെയെല്ലാം വെടിവച്ചിട്ടു. ട്രക്കി ലുണ്ടായിരുന്നവരിൽ പകുതിയോളം പേർ അങ്ങനെ വെടിയേറ്റുമരിച്ചു; മരി ച്ചവരുടെ ശരീരങ്ങൾ പോലീസുകാർ വലിച്ചെടുത്ത് ഗംഗാകനാലിൽ തള്ളി.

തുടർന്ന് അവിടം വിട്ടുപോയ പോലീസ് വണ്ടി ഹിൻഡൻ കനാലിന ടുത്ത് ചെല്ലുകയും അവിടെവച്ച് ബാക്കിയുള്ളവരേയും കൊന്ന് കനാ ലിൽ തള്ളുകയും ചെയ്തു. ട്രക്കിലു ണ്ടായിരുന്ന അമ്പതോളം പേരിൽ ആറു പേരാണ് മരിക്കാതെ രക്ഷപ്പെട്ടത്.

ഗംഗാ കനാലിൽനിന്നുകരക്കുകയറി മൂത്രപ്പുരയിൽ ഒളിച്ച സുൾഫിക്കറിന്ന് 24 മണിക്കൂർനേരം അതിൽ തങ്ങേണ്ടി വന്നു. പരിക്കേറ്റിരുന്നതിനാലും നിശാ നിയമമുണ്ടായിരുന്നതിനാലും അയാൾക്ക് പുറത്തിറങ്ങാനായില്ല. അടു ത്തദിവസം രാത്രിയിൽ അയാൾ പുറ ത്തിറങ്ങി ദൽഹിക്കുപോയി; അവിടെ സയ്യദ് ഷഹാബുദീൻ(എം. പി.) യെകണ്ട് അയാൾ വിവരം പറഞ്ഞു. ദൽഹിയിൽ ഷഹാബുദീനും സുൾഫി ക്കറും ചേർന്നു നടത്തിയ പത്രസമ്മേ ളനത്തിലാണ് മീറത്തിൽ പോലീസ് നട ത്തിയ കൂട്ടക്കൊലയുടെ വിവരം പുറ ത്തുവന്നത്.

കനാലിൽ നിന്ന് ഒട്ടേറെ മൃതദേഹ ങ്ങൾ കണ്ടുകിട്ടിയതിനെത്തുടർന്ന് ഘാസിയാബാദിലെ പോലീസ് സൂപ്രണ്ട് വി.എൻ. റായ് ഒരു കേസ് രജി സ്റ്റർ ചെയ്തു. കേസ് തേച്ചുമാച്ചുകള യുവാൻ പോലീസ് നേതൃത്വവും രാഷ്ട്രീയനേതൃത്വവും ശ്രമിച്ചുവെ ങ്കിലും ഫലിച്ചില്ല. 1988 ൽ സംസ്ഥാന ഗവർമ്മേണ്ട് കേസന്വേഷണചുമതല ക്രൈംബ്രാഞ്ചിനെ ഏല്പിച്ചു. നീണ്ട

ആറുവർഷങ്ങൾക്കുശേഷം 1994 ലാണ് ക്രൈംബ്രാഞ്ച് അന്വേഷണറിപ്പോർട്ട് സമർപ്പിച്ചത്. ഗവർമ്മേണ്ടാകട്ടെ, ആ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയോ ആർക്കെങ്കിലുമെതിരായി കേസെടുക്കുകയോ ചെയ്തില്ല.

എന്നാൽ അന്നത്തെ കൂട്ടക്കൊലയിൽനിന്ന് രക്ഷപ്പെട്ടവരും അവരുടെ ബന്ധുക്കളും 1995 ൽ സുപ്രീംകോടതിയെ സമീപിച്ചു. ഹൈക്കോടതിയെ സമീപിക്കാനാണ് സുപ്രീംകോടതി അന്ന് നിർദ്ദേശിച്ചത്. അതനുസരിച്ച് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചുവെങ്കിലും ആ കേസ് ഇപ്പോഴും ഒന്നും മൂന്നുമല്ലാതെ കിടക്കുകയാണ്-പത്തുകൊല്ലം കഴിഞ്ഞിട്ടും!

ഇതിന്നിടയിൽ ജനകീയ സമ്മർദ്ദത്തിന്നുവഴങ്ങി യു.പി. ഗവർമ്മേണ്ട് 19 പോലീസുകാർക്കെതിരെ ക്രമിനൽ കേസെടുത്തിരുന്നു. പക്ഷെ കുറ്റപത്രത്തിൽ ഒരൊറ്റ സീനിയർ ഉദ്യോഗസ്ഥനെപ്പോലും പ്രതിയാക്കിയിട്ടില്ല; 19 പേരും താഴെക്കിടയിലുള്ള പോലീസുകാരാണ്. ഇവരിൽ ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. ഇവർക്കെതിരെ 23 ജാമ്യമില്ലാവാറണ്ടുകൾ നിലവിലുണ്ട്. ഗവർമ്മേണ്ട് പറയുന്നത് പ്രതികളെല്ലാം ഒളിവിലാണെന്നാണ്; എന്നാൽ ഇവർ ദിവസേന ജോലിക്ക് ഹാജരാകുന്നുണ്ട്; ഹാജർപുസ്തകത്തിൽ ഒപ്പിടുന്നുണ്ട്; ശമ്പളം പറ്റുന്നുണ്ട്.

ഗതികെട്ട് മനുഷ്യാവകാശപ്രവർത്തകനായ ഇഖ്ബാൽ അൻസാരിയും കൊല്ലപ്പെട്ടവരുടെ ബന്ധുക്കളും സുപ്രീംകോടതിയെ സമീപിക്കുകയും കേസിന്റെ വിചിത്രമായ ഗതിവിഗതികൾ ചൂണ്ടിക്കാണിക്കുകയും കേസ് ദൽഹിയിലേക്ക് മാറ്റിത്തരണമെന്നപേക്ഷിക്കുകയും ചെയ്തു. അങ്ങനെ 2002 സെപ്തമ്പറിൽ കേസ് ദൽഹിയിലെ തിസ്ഹസാരികോടതിയിലേക്ക് മാറ്റി. പക്ഷെ പ്രബലർക്കെതിരായ കേസ് മുന്നോട്ടുപോയില്ല. കേസ് നടത്താനുള്ള സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കേണ്ടത് യു.പി. ഗവർമ്മേണ്ടാണോ ദൽഹി ഗവർമ്മേണ്ടാണോ എന്ന് തർക്കമായി. ഒടുവിൽ യു.പി. ഗവർമ്മേണ്ട് പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന് കല്പനയായി. യു.പി. ഗവർമ്മേണ്ട് നിയമിച്ച പ്രോസിക്യൂട്ടർക്കാകട്ടെ, കേസിൽ താല്പര്യമൊന്നുമില്ല. ഓരോരോ സാങ്കേതിക തർക്കം ഉന്നയിച്ചു കേസ് നീട്ടിക്കൊണ്ടുപോകുന്നു. മനുഷ്യാവകാശ പ്രവർത്തകരായ വൃന്ദ ഗ്രോവറും റെബേക്ക ജോണും സുൾഫിക്കർക്കും കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾക്കുംവേണ്ടി ഹാജരാകുന്നു.

കൂട്ടക്കൊല നടന്ന് 19 കൊല്ലം കഴിഞ്ഞശേഷം 2006 മേയിൽ പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിക്കപ്പെട്ടു. അതിന്നകം 19 പ്രതികളിൽ മൂന്നുപേർ മരിച്ചിരുന്നു; ബാക്കിയുള്ള 16 പോലീസുകാരും വിചാരണ ദിവസങ്ങളിൽ കോടതിയിൽ ഹാജരാകുന്നുണ്ട്-പക്ഷെ എല്ലാവരും ഇപ്പോഴും സർവ്വീസിലുണ്ട്.

കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾ പച്ചപ്പാവങ്ങളാണ്. ആരുടെയെങ്കിലും കയ്യിൽനിന്ന് കാശ് കടം വാങ്ങിയാണിവർ ദൽഹിയിലെ കോടതിയിൽ ഹാജരായി മൊഴിനൽകുന്നത്.

സുൾഫിക്കർക്ക് ഇപ്പോൾ വയസ്സ് 37. ഈ കേസ് ഇവിടെയെങ്ങും തീരാൻപോകുന്നില്ലെന്ന് അയാൾക്കറിയാം കേസ് തള്ളിപ്പോകാൻ പോലും സാധ്യതയുണ്ട്. പ്രതികൾ ശിക്ഷിക്കപ്പെട്ടാൽതന്നെ ഹൈക്കോടതിയും സുപ്രീംകോടതിയും കയറിയിറങ്ങേണ്ടിവരും. കേസിന്റെ അന്തിമവിധിവരുമ്പോൾ പ്രതികളിലാരെങ്കിലും ജീവിച്ചിരിപ്പുണ്ടാകുമോ എന്നുപോലും സംശയമാണ്.

❏

# കസ്റ്റഡി മരണം:
# പോലീസ് മേധാവിക്ക് വധശിക്ഷ

**- അഭിനവ ഗാർഗ് -**



മഹേന്ദ്രകുമാർ

**പ**ത്തൊമ്പതു കൊല്ലം നീണ്ടു നിന്ന വിചാരണക്കുശേഷം ഒരു ദൽഹി കോടതി ഒരു പോലീസ് മേധാവിക്ക് വധശിക്ഷ വിധിച്ചു.

1987 ആഗസ്റ്റ് 16ന്നായിരുന്നു സംഭവം. ജന്മാഷ്ടമി സംബന്ധിച്ച ആഘോഷങ്ങളുടെ ബന്തവസ്സിനായി നിയോഗിക്കപ്പെട്ടിരുന്ന പോലീസുകാരിൽ ഒരാളായിരുന്നു അസിസ്റ്റന്റ് സബ്ബിൻസ്പെക്ടർ ഋഷിപ്രകാശ് ത്യാഗി. അടുത്തൊരിടത്ത് രണ്ടുപേർ ഒരാളെ തടഞ്ഞുനിർത്തി കത്തികാണിച്ച് കൊള്ളയടിക്കാൻ ശ്രമിച്ചതായി പോലീസിന്ന് വിവരം കിട്ടി. ഇതനുസരിച്ച് പോലീസ് മഹേന്ദ്രകുമാർ, രാംകുമാർ എന്നീ രണ്ടു യുവാക്കൾക്കെതിരെ ഒരു പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്തു. അസി. സബ്ബിൻസ്പെക്ടർ ത്യാഗി ഇവരെ അറസ്റ്റുചെയ്യാൻ ചെന്നപ്പോൾ മഹേന്ദർകുമാർ എതിർത്തുവെന്നും ത്യാഗിയെ കുത്തിയെന്നും പോലീസ് പറയുന്നു. ഏതായാലും രണ്ടുപേരും രക്ഷപ്പെട്ടു.

പ്രതികളെ പിടികൂടാൻ കഴിയാതായപ്പോൾ, ത്യാഗി ഒരടവ് പ്രയോഗിച്ചു. മഹേന്ദർ കുമാറിന്റേയും രാംകുമാറിന്റേയും ബന്ധുക്കളേയും സ്നേഹിതൻമാരേയും പോലീസ് പിടികൂടി മർദ്ദിക്കാൻ തുടങ്ങി. ത്യാഗിയുടെ ആ അടവു ഫലിച്ചു. ഒരാഴ്ചക്കകം മഹേന്ദർകുമാറും രാംകുമാറും കീഴടങ്ങി.

കയ്യിൽകിട്ടിയ പ്രതികളെ ത്യാഗിയും മറ്റു പോലീസുകാരുംകൂടി ഭീകരമായി മർദ്ദിച്ചു. തൽഫലമായി മഹേന്ദ്രകുമാർ മരിച്ചു. മഹേന്ദ്രകുമാറിന്റെ അഛൻ ടീക്കാറാം ഫയൽചെയ്ത ഒരു ഹർജി



ഋഷിപ്രകാശ് ത്യാഗി

യെത്തുടർന്ന് 1989 ൽ ഒരു കേസ് രജിസ്റ്റർചെയ്യാൻ പോലീസ് നിർബന്ധിതരായി. പക്ഷെ കേസ് നീണ്ടുപോയി. ത്യാഗി അസിസ്റ്റന്റ് പോലീസ് കമ്മീ

| ഇന്ത്യയിലെ കസ്റ്റഡിമരണം | | സംസ്ഥാനങ്ങളിലെ കസ്റ്റഡിമരണം (2005) | |
|---|---|---|---|
| 2001 ൽ | 98 പേർ | ആന്ധ്രയിൽ | 55 പേർ |
| 2002 ൽ | 110 | ഗുജറാത്ത് | 21 പേർ |
| 2003 ൽ | 121 | മഹാരാഷ്ട്രം | 21 പേർ |
| 2004 ൽ | 94 | ഉത്തരപ്രദേശ് | 14 പേർ |
| 2005 ൽ | 144 | | |

# അഴിമതിക്കാരില്ലാത്ത ഒരു മേഖലയുമില്ല

- സ്മിത ഗുപ്ത -

പ്രമാണിമാരുടെ സ്വീകരണമുറികളിലും കമ്പനി മേധാവിമാരുടെ ആലോചനായോഗങ്ങളിലും ടെലിവിഷൻ സ്റ്റുഡിയോകളിലും ചിലക്കുന്നവരുടെ ദൃഷ്ടിയിൽ അധ:കൃതരിൽ വച്ച് അധ:കൃതരാണ് രാഷ്ട്രീയക്കാർ. ധനമോഹികളും അഴിമതിക്കാരുമാണവർ. നീതിപൂർവ്വമായൊരു ചിത്രീകരണമാണോ ഇത്?

രാഷ്ട്രീയക്കാരുമായി നേരിട്ട് ഇടപഴകാൻ കഴിഞ്ഞിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം ഇതൊരു യഥാർത്ഥ ചിത്രീകരണമല്ല. അവർ അഴിമതിക്കാരല്ലേ? തീർച്ചയായും അതേ. വി.പി. സിങ്ങ്, ജസ്വന്ത് സിങ്ങ്, എ.കെ. ആന്റണി തുടങ്ങിയ ബഹുമാന്യരായ ചില അപവാദങ്ങളൊഴിച്ചാൽ മറ്റുള്ളവർ അഴിമതിക്കാർ തന്നെയാണ്. പക്ഷെ സമൂഹത്തിലെ മറ്റ് പ്രബലവിഭാഗങ്ങളിൽ കാണുന്നതിലേറെ അഴിമതി രാഷ്ട്രീയക്കാർക്കിടയിലില്ല. ചില കമ്പനി മേധാവിമാർ നമ്മുടെ ഭരണസംവിധാനത്തെ അമ്മാനമാടുന്നില്ലേ? നമ്മുടെ വക്കീൽമാരും ഡോക്ടർമാരും ശരിക്ക് നികുതിയടക്കുന്നുണ്ടോ? നമ്മുടെ ഉദ്യോഗസ്ഥ വൃന്ദം കറ തീർന്നതായിരുന്നുവെങ്കിൽ സ്വാതന്ത്ര്യംനേടി അറുപതുകൊല്ലം കഴിഞ്ഞിട്ടും ഇവിടെ കാര്യമൊന്നും നടക്കാത്തതെന്തുകൊണ്ടാണ്. ട്രാഫിക് നിയമലംഘനം മുതൽ കൊലകേസ് ഒതുക്കിതീർക്കുന്നതുവരെയുള്ള സകലതിനും നമ്മുടെ പോലീസുകാർ കൈക്കോഴ വാങ്ങുന്നുവെന്നത് ഒരു യാഥാർത്ഥ്യമല്ലേ? പണം വാങ്ങി കണ്ണടക്കുന്ന പത്രക്കാരില്ലേ? ജുഡീഷ്യറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആരും ഒന്നും അന്വേഷിക്കാത്തത് കോർട്ടലക്ഷ്യക്കേസ് ഒഴിവാക്കാൻ വേണ്ടിയാണ്. അപ്പോൾ പിന്നെ രാഷ്ട്രീയക്കാരെ മാത്രം പഴിപറയുന്നതെന്തുകൊണ്ടാണ്?

രാഷ്ട്രീയക്കാരിൽ ബഹുഭൂരിപക്ഷത്തിന്റേയും നിലനിൽപ് അത്യന്തം അനിശ്ചിതമാണ്. തിരഞ്ഞെടുപ്പിൽ ജയിച്ച് അധികാരസ്ഥാനത്തെത്തി ക്രമമാ

---

## കസ്റ്റഡി മരണം: പോലീസ് മേധാവിക്ക് ..............

ഷണറായി റിട്ടയർചെയ്തു. മറ്റുരണ്ടു പോലീസുകാരിൽ കെ.പി. സിങ്ങും അസിസ്റ്റന്റു കമ്മീഷണറായി റിട്ടയർചെയ്തു. മൂന്നാമത്തെ പ്രതി സബ്ഇൻസ്പെക്ടർ തേജ്സിങ്ങാണ്.

കേസിൽ പ്രതികൾക്ക് കുറ്റപത്രം നൽകിയതുതന്നെ സംഭവം നടന്ന് 14 കൊല്ലം കഴിഞ്ഞ് 2001 ൽ ആണ്. അപ്പോഴേക്കും അന്യായക്കാരനായ ടിക്കാറാം മരിച്ചിരുന്നു. കോടതിയിൽ സാക്ഷി പറഞ്ഞ രാംകുമാർ ഘാസിയാബാദിൽ വെടിയേറ്റുമരിച്ചിരുന്നു.

നിയമപാലനത്തിന്റെ ചുമതല വഹിക്കുന്ന പോലീസ്തന്നെ മനുഷ്യരെ തല്ലികൊല്ലുക എന്നത്, രക്തത്തിൽ അർബുദബാധയുണ്ടാകുന്നതിന് തുല്യമാണെന്ന് ത്യാഗിക്ക് വധശിക്ഷ വിധിച്ചുകൊണ്ട് വിധിന്യായത്തിൽ അഡീഷണൽ സെഷൻസ് ജഡ്ജി രാജേന്ദർകുമാർ പറഞ്ഞു. മറ്റു രണ്ടു പ്രതികൾക്ക് ദീർഘകാലത്തെ തടവും പിഴയുമാണ് കോടതി വിധിച്ചിരിക്കുന്നത്.

❑

യൊരു വരുമാനമുണ്ടാക്കുന്നവർക്കു പോലും അതൊരു സ്ഥിരവരുമാനമല്ല. ഒരു ജഡ്ജിക്കോ ഉദ്യോഗസ്ഥനോ കമ്പനിമേധാവിക്കോ പത്രക്കാരനോ കിട്ടുന്ന സ്ഥിരവരുമാനം രാഷ്ട്രീയ ക്കാന്നുണ്ടാവില്ല.

മുനിസിപ്പൽ കോർപ്പറേഷനിലേക്കോ നിയമസഭയിലേക്കോ ഉള്ള തിരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുള്ള ഏതൊരാൾക്കും അറിയാം അതിന്റെ പങ്കപ്പാട്. ഒന്നാമത്, തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ടിക്കറ്റുകിട്ടുമെന്നു പ്രതീക്ഷിച്ചുകൊണ്ട് ഒരു നിയോജകമണ്ഡലത്തിൽ മുഴുവൻ ഓടിനടന്നു പണിയെടുക്കണം. അവസാനം ടിക്കറ്റ് കിട്ടുകയോ കിട്ടാതിരിക്കുകയോ ചെയ്യാം. രണ്ടാമത് ടിക്കറ്റ് കിട്ടിയാൽ തിരഞ്ഞെടുപ്പ് പ്രചരണത്തിനുവേണ്ട പണം സമാഹരിക്കണം. മൂന്നാമത് തിരഞ്ഞെടുപ്പ് പ്രചരണതന്ത്രങ്ങൾ ആവിഷ്കരിക്കണം. എതിരാളികളുടെ ബലാബലങ്ങൾ മനസ്സിലാക്കിയും ജാതീയമായ കൂട്ടുകെട്ടുകൾ നോക്കിയും തന്ത്രങ്ങൾ മെനഞ്ഞെടുക്കണം. നാലാമത് നട്ടെല്ലൊടിക്കുന്ന പ്രചരണപരിപാടികൾക്കിറങ്ങണം. പണം പ്രധാനം തന്നെ. പക്ഷെ സാരിയോ സൈക്കിളോ മദ്യമോ നൽകിയാൽ ജോലി തീർന്നുവെന്നു കരുതുന്നവർ ഒരു തിരഞ്ഞെടുപ്പു പ്രചരണരീതി അടുത്തുനിന്നുകണ്ടില്ലന്നേ പറയാനാവൂ. ഒടുവിൽ തോറ്റാലോ എല്ലാം നഷ്ടപ്പെട്ടതുതന്നെ. ഒരു ഉദ്യോഗസ്ഥന് പ്രമോഷൻ നഷ്ടപ്പെടുന്നതുപോലെയുള്ള ഒരു നഷ്ടമല്ല ഇത്.

തിരഞ്ഞെടുപ്പിൽ ജയിച്ചാലോ, അത് അഞ്ചുകൊല്ലത്തേക്കുള്ള ഒരു ഇടവേള മാത്രമാണ്. അതുകഴിഞ്ഞാൽ വീണ്ടും ജനങ്ങളുടെ ഇടയിലെത്തണം. ഇതവരെ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നു; യഥാർത്ഥമായ ഉത്തരവാദിത്വ ബോധം ഇതാണ്.

ഇന്ത്യയിൽ നയരൂപീകരണം നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നവരിൽ മിക്കവരും മേൽത്തട്ടിലുള്ളവരാണ്. മാധ്യമ പ്രവർത്തകർ, ജുഡീഷ്യറി, ഉദ്യോഗസ്ഥവൃന്ദം, കമ്പനി മേധാവിമാർ എന്നിവരെല്ലാം മേൽജാതിക്കാരും മധ്യവർഗ്ഗക്കാരുമാണ്. ഇപ്പോഴത്തെ ചീഫ് ജസ്റ്റീസിനെപ്പോലെ അപൂർവ്വം ചില അപവാദങ്ങളുണ്ടാകാമെങ്കിലും മറ്റുള്ളവരിൽ ഭൂരിപക്ഷവും മേൽത്തട്ടുകാരാണ്. ഇന്ത്യയിലെ രാഷ്ട്രീയക്കാർ മാത്രമേ രാജ്യത്തെ യഥാർത്ഥമായും പ്രതിനിധീകരിക്കുന്നുള്ളൂ. അവർ എല്ലാവർഗ്ഗങ്ങളേയും എല്ലാ ജാതികളേയും എല്ലാസമുദായങ്ങളേയും എല്ലാ മേഖലകളേയും പ്രതിനിധീകരിക്കുന്നു. എല്ലാ ജാതിക്കാരുടേയും സമുദായങ്ങളുടേയും ദരിദ്രരുടേയും സമ്പന്നരുടേയും വോട്ടിന്ന് മൂല്യം തുല്യമാകയാൽ, തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒരു രാഷ്ട്രീയക്കാരനും ഒരു വിഭാഗത്തേയും അവഗണിക്കാനാവില്ല.

ഇതാണ് ഇന്ത്യയിലെ രാഷ്ട്രീയക്കാരെ പരിവർത്തനത്തിനുള്ള യഥാർത്ഥ ശക്തിയായി മാറ്റുന്നത്. മറ്റു പ്രബലഗ്രൂപ്പുകളെ രാഷ്ട്രീയക്കാർക്കെതിരാക്കുന്നതും ഇതാണ്. മേൽത്തട്ടിനു പുറത്തുള്ളവരെ അകത്തുകയറ്റിവിട്ട് തങ്ങളുടെ സമ്പദ്സമൃദ്ധിയെ നശിപ്പിക്കാൻ രാഷ്ട്രീയക്കാർ ശ്രമിക്കുന്നതായി മേൽത്തട്ടുകാർ ഭയപ്പെടുന്നു.

ഇന്ത്യയിലെ യഥാർത്ഥ ജനാധിപത്യവേദി നിയമസഭകളാണ് വിവിധ മേഖലകളിൽ നിന്നുള്ള എം.പി.മാരും എം.എൽ.എ.മാരും നിയമനിർമ്മാണ സഭകളിൽ ഒന്നിച്ചുവരുന്നു. ഇന്ത്യ ഇപ്പോഴും ഒരു ജനാധിപത്യ രാജ്യമായി തുടരുന്നുണ്ടെങ്കിൽ, അത് ഇവിടെയൊരു രാഷ്ട്രീയ വർഗ്ഗം ഉണ്ടെന്നതുകൊണ്ടാണ്. ഇവരാണ് ഇക്കാലത്ത് യഥാർത്ഥ ചർച്ചകൾ ഉണ്ടാക്കുന്നത്.

❏

കവർസ്റ്റോറി

# സിംഗൂറും നന്ദിഗ്രാമവും കർഷകകലാപവും

**- ടി.വി. അച്ചുതവാരിയർ -**

**ബ**ംഗാളിലെ നന്ദിഗ്രാമിൽ മാർച്ച് 14 ന്നുണ്ടായ വെടിവെപ്പിൽ 14 പേർ മരിക്കാനിടയായ സംഭവം അവിടത്തെ ഇടതുമുന്നണി ഗവർമ്മേണ്ടിന്റെ മുഖത്താകെ കരിപുരട്ടിയിരിക്കുകയാണ്. ബംഗാളിൽ നടക്കുന്നതെന്തെല്ലാമാണെന്നറിയുക എളുപ്പമല്ല. നമ്മുടെ വാർത്താമാധ്യമങ്ങൾ നിഷ്പക്ഷതക്ക് അത്രയൊന്നും പ്രസിദ്ധമല്ലല്ലോ. ഇരുപക്ഷത്തുനിന്നും പുറത്തുവരുന്ന വാർത്തകൾവച്ച് യുക്തിസഹമായ ഒരുനിഗമനത്തിലെത്തുകയേ നിവൃത്തിയുള്ളൂ; അതുകൊണ്ടുതന്നെ അതുമുഴുവൻ ശരിയായിക്കൊള്ളണമെന്നില്ല.

ടാറ്റാമാർ ബംഗാളിലൊരു ചെറുകാർ നിർമ്മിക്കാൻ ശ്രമിച്ചതോടെയാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. കാർനിർമ്മാണശാല സ്ഥാപിക്കാൻ പറ്റിയ അഞ്ചോ ആറോ സ്ഥലം ഗവർമ്മേണ്ട് ചൂണ്ടിക്കാട്ടിയതിൽ ടാറ്റാമാർ തെരഞ്ഞെടുത്തത് കൽക്കത്ത നഗരത്തിന്നടുത്തുള്ള സിംഗൂർ പ്രദേശമാണ്.

മുതലാളിമാരെ പ്രോത്സാഹിപ്പിക്കുക എന്ന നയമനുസരിച്ച് കാർ കമ്പനിക്കു വേണ്ട ആയിരം ഏക്കർ ഭൂമി ഗവർമ്മേണ്ട് അക്വയർ ചെയ്യാൻ തീരുമാനിച്ചു. ഈ ആയിരം ഏക്കർ 12000 പേരുടെ ഉടമസ്ഥതയിലാണ്. മിക്കവർക്കും ഓരോ തുണ്ടു ഭൂമിയേ ഉള്ളൂ എന്നർത്ഥം.

കർഷകനും ഭൂമിയും തമ്മിലുള്ള ആത്മബന്ധത്തെക്കുറിച്ച് അറിയുന്ന ആർക്കും അക്വിസിഷൻ എന്നത് എത്ര വിഷമകരമായൊരു കാര്യമാണെന്നറിയാം. കയ്യിലുള്ള ഭൂമി വിറ്റ് മറ്റേതെങ്കിലും നാട്ടിൽ പോയി പുതിയൊരു ജീവിതം കരുപിടിപ്പിക്കാൻ കർഷകന്നാവില്ല. സെക്രട്ടറിയേറ്റിൽ എയർകണ്ടീഷൻ ചെയ്ത മുറികളിലിരുന്ന് ഭരണം നടത്തുന്നവർക്കും ഈ കർഷകരുടെ വേദന മനസ്സിലാക്കാനാവില്ല.

ഏതായാലും ഗവർമ്മേണ്ട് അക്വിസിഷൻ നടപടികളുമായി മുന്നോട്ടുപോയി. എന്നാൽ ഇത് സാധാരണ നിലക്കുള്ള അക്വിസിഷനായിരുന്നില്ലെന്നും, മാർക്സിസ്റ്റ് പ്രവർത്തകരുടെ ഭീഷണിക്കു വഴങ്ങി കർഷകർ ഭൂമി നൽകാൻ തയ്യാറാവുകയാണുണ്ടായതെന്നും ബംഗാളിലെ സാമൂഹ്യപ്രവർത്തകയായ ജയ ചിത്ര പറയുന്നു. ഇത് ശരിയാണോ അല്ലയോ എന്നു പറയാനാവില്ല. പക്ഷെ അപ്പുറത്ത് നന്ദിഗ്രാമത്തിലുണ്ടായ കുഴപ്പങ്ങളിൽ ഈയൊരു സംഭവം വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

കർഷകർ സ്വമേധയാ ഭൂമിതന്നുവെന്നും, ഗവർമ്മേണ്ട് നൽകിയ നഷ്ടപരിഹാരം മിക്കവരും കൈനീട്ടി വാങ്ങിയെന്നുമൊക്കെയാണ് ഗവർമ്മേണ്ട് പറയുന്നതെങ്കിലും ഡിസംബർ 1ന്ന് കർഷകരുമായി രൂക്ഷമായൊരു ഏറ്റുമുട്ടൽ നടന്നു. അക്വയർ ചെയ്ത ഭൂമി മതിൽകെട്ടിത്തിരിക്കാൻ ടാറ്റാമാർ ശ്രമിച്ചപ്പോഴാണ് കർഷകരുമായി ഏറ്റുമുട്ടേണ്ടി വന്നത്.

ഇത് വലിയ ഒച്ചപ്പാടിനിടയാക്കി. ഗവർമ്മേണ്ട് സിഗൂരിൽ 144-ാം വകുപ്പ് പ്രകാരമുള്ള നിരോധനാജ്ഞ നടപ്പാക്കി. വി.പി. സിങ്ങ്, മേധാ പട്കർ തുടങ്ങി ഒട്ടേറെ പേർ സിംഗൂറിലേക്ക് പുറപ്പെട്ടു. മിക്കവരേയും ഗവർമ്മേണ്ട് തടഞ്ഞുനിർത്തി തിരിച്ചയക്കുകയാണുണ്ടായത്.

സിംഗൂറിലെ കുഴപ്പം ഒന്നടങ്ങിയപ്പോഴേക്കുമാണ് നന്ദിഗ്രാമിൽ കുഴപ്പം പൊട്ടിപുറപ്പെട്ടത്. ഒരു ഇൻഡോനേഷ്യൻ കെമിക്കൽ കമ്പനിക്കുവേണ്ടി നന്ദിഗ്രാം മേഖല അക്വയർചയ്യാൻ ഗവർമ്മേണ്ട് നോട്ടീസ് പുറപ്പെടുവിച്ചു. ഇത് ജനങ്ങളെ ക്ഷോഭിപ്പിച്ചു. പാർട്ടി പ്രവർത്തകരുടെ മുഷ്കിന്നുമുന്നിൽ സിംഗൂറിലെ കർഷകർക്ക് മുട്ടുകുത്തേണ്ടിവന്ന അനുഭവപാഠം നന്ദി

ഗ്രാമക്കാരുടെ മുന്നിലുണ്ടായിരുന്നു. ഇത്തരം മുഷ്കിന്നുമുന്നിൽ പിടിച്ചുനിൽക്കാൻ തങ്ങൾക്കാവില്ലെന്ന് നന്ദിഗ്രാമത്തിലെ പാവങ്ങൾക്കറിയാമായിരുന്നു. നന്ദിഗ്രാമമെന്നത് ഒരു പിന്നോക്കമേഖലയാണ്. ഒരു വികസന പ്രവർത്തനവും അങ്ങോട്ടുകടന്നു ചെന്നിട്ടില്ല, ജനങ്ങളിൽ മൂന്നിൽ രണ്ടു ഭാഗവും പാവങ്ങളുയായ മുസ്ലീങ്ങളാണ്.

കുറച്ചുകാലംമുമ്പ് രാജാഹാത്തിലെ മൂവ്വായിരം ഏക്കർ ഭൂമി ഗവർമ്മേണ്ട് അകയർ ചെയ്തിരുന്നു. ഒരു വിമാനത്താവളം നിർമ്മിക്കാനെന്നു പറഞ്ഞാണ് ഭൂമി അകയർ ചെയ്തത്. എന്നാൽ ഇതിൽ നല്ലൊരുഭാഗം സർക്കാർ വിറ്റു. കർഷകരിൽനിന്ന് നിസ്സാരവിലക്ക് പിടിച്ചെടുത്ത ഭൂമി ഭീമമായവിലക്കാണ് സർക്കാർ വിറ്റത്. ഈ സംഭവത്തിന്റെ ഓർമ്മ നന്ദിഗ്രാമക്കാരെ ഭയപ്പെടുത്തി.

ജനുവരി മാസത്തിൽ നന്ദിഗ്രാമത്തിലെ സ്ഥിതിയാകെ വഷളായി. സർക്കാരിനെയെന്നതിനേക്കാൾ മാർക്സിസ്റ്റ് പ്രവർത്തകരെയാണ് ഭയപ്പെടേണ്ടതായിട്ടുള്ളതെന്ന് സിംഗൂരിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ ജനങ്ങൾ മനസ്സിലാക്കിയിരുന്നു. യഥാർത്ഥത്തിൽ ഇതാണ് നന്ദിഗ്രാമത്തിലെ പ്രശ്നത്തിന്റെ മർമ്മം. ഒരു ഗ്രാമത്തിലെ ജനങ്ങൾക്ക് പരസ്പരം വിശ്വാസമില്ലാത്ത സ്ഥിതി വരിക; തന്റെ അയൽക്കാരൻ തന്റെ ശത്രുവിന്റെ ഏജന്റാണെന്ന സംശയം ജനിക്കുക; തങ്ങളുടെ ഭൂമി പിടിച്ചെടുക്കാൻ തങ്ങളുടെ അയൽപക്കക്കാരൻ സർക്കാരിന്റെ ഏജന്റായി പ്രവർത്തിക്കുമെന്ന ഭീതി ജനിക്കുക-വല്ലാത്തൊരു സ്ഥിതിവിശേഷമാണത്.

ഇത്തരം സംഭ്രമജനകമായൊരു സാഹചര്യത്തിൽ ഒരാൾ എന്താണ് ചെയ്യുക? തന്നെ ചതിക്കാൻ ഇടയുണ്ടെന്നു സംശയിക്കുന്നവരെ തല്ലിയോടിക്കുകതന്നെ. അതാണ് നന്ദിഗ്രാമിലും ഉണ്ടായത്. അന്നാട്ടിലെ മാർക്സിസ്റ്റ് പ്രവർത്തകരെയെല്ലാം ജനങ്ങൾ തല്ലിയോടിച്ചു. ഗവർമ്മേണ്ട് പറയുന്നത് ശരിയാണെങ്കിൽ ആയിരത്തിൽപരംപേരെ നന്ദിഗ്രാമത്തിൽനിന്നും തല്ലിയോടിച്ചിട്ടുണ്ട്. ഇവരിൽ ചിലരുടെ വീടുകൾ നശിപ്പിച്ചിട്ടുണ്ട്; ചിലരെ ദേഹോപദ്രവം ഏൽപ്പിച്ചിട്ടുണ്ട്.

ജനങ്ങൾ ഇത്തരത്തിൽ കലാപമുണ്ടാക്കിയാൽ അതിന്നെതിരെ നടപടിയെടുക്കാതിരിക്കാൻ ഒരു ഗവർമ്മേണ്ടിന്നും സാധ്യമല്ല. നന്ദിഗ്രാമക്കാർക്കും അതറിയാമായിരുന്നു. അതുകൊണ്ട് പോലീസോ ഉദ്യോഗസ്ഥൻമാരോ നന്ദിഗ്രാമത്തിൽ കടക്കുന്നത് അവർ തടഞ്ഞു. അതിന്നായവർ പാലങ്ങൾ പൊളിച്ച് ഗതാഗത തടസ്സമുണ്ടാക്കി. നന്ദിഗ്രാമിലേക്കുള്ള റോഡുകൾ വെട്ടിപ്പൊളിച്ച് കിടങ്ങുകളുണ്ടാക്കി.

ഈയൊരു സാഹചര്യത്തിലാണ് വലിയൊരു പോലീസ് സേന നന്ദിഗ്രാമിൽ കടക്കാൻ ശ്രമിച്ചത്. സ്ത്രീകളേയും കുട്ടികളേയും മുന്നിൽ നിർത്തിക്കൊണ്ട് ജനങ്ങൾ പോലീസിനെ തടഞ്ഞു. ഇത്തരം സന്ദർഭങ്ങളിൽ സംഭവിക്കാവുന്നത് ഒരാൾക്ക് ഊഹിക്കാനേ കഴിയൂ. ജനങ്ങൾ ഭയങ്കരമായി കല്ലേറുനടത്തിയതിനെത്തുടർന്ന് പോലീസിന് വെടിവക്കേണ്ടിവന്നുവെന്നാണ് പോലീസ് പറയുന്നത്. പോലീസുകാരല്ല, മാർക്സിസ്റ്റു പ്രവർത്തകരാണ് വെടിവച്ചതെന്ന് വേറൊരു റിപ്പോർട്ടുമുണ്ട്. ഏതായാലും അന്വേഷണം കഴിയുമ്പോഴേ ഇതിന്റെയെല്ലാം നിജസ്ഥിതിയെക്കുറിച്ച് ഒരു ഏകദേശജ്ഞാനം ലഭിക്കൂ.

ഇതിലെയെല്ലാം ഏറ്റവും ശോച്യമായ അവസ്ഥ കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകൾ നടത്തിവരുന്ന ദല്ലാൾപണിയാണ്. കേന്ദ്രഗവർമ്മേണ്ട് മുതലാളിമാരുടെ ദല്ലാളായിട്ട് കൊല്ലം പതിനഞ്ചുകഴിഞ്ഞു; ഇപ്പോൾ ബംഗാളിലെ ഇടതുമുന്നണി ഗവർമ്മേണ്ടും അതേവഴിക്കുപോകുന്നു.

വ്യവസായം തുടങ്ങാൻ മൂലധനം, യന്ത്രങ്ങൾ, കെട്ടിടങ്ങൾ, സാങ്കേതികവൈദഗ്ധ്യം,, ഭൂമി, വെള്ളം, വെളിച്ചം എന്നിവയെല്ലാം വേണം. ഇതെല്ലാം സംഘടിപ്പിക്കേണ്ടത് മുതലാളിമാരുടെ ഭാരമാണ്. ഇതിൽ എന്തെങ്കിലും അതിക്രമങ്ങൾ നടക്കുന്നുവെങ്കിൽ, അതു തടയേണ്ട ഭാരമാണ് സർക്കാരിനുള്ളത്. എന്നാൽ ഇതിലെ ഏറ്റവും പ്രധാനഘട

# പ്രത്യേക സാമ്പത്തികമേഖല ഭക്ഷ്യക്ഷാമമുണ്ടാക്കും

**- കരൺ മൻവീർ സിങ്ങ് -**

നാം നമ്മുടെ ഭൂമി എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതാണ് ഇക്കാലത്തെ മർമ്മ പ്രധാനമായ ചോദ്യം. ഭൂമിയെ ഭക്ഷ്യോല്പാദന മാധ്യമമായിട്ടാണ് മനുഷ്യർ പണ്ടുമുതൽക്കേ കണ്ടുവന്നിരുന്നത്. മനുഷ്യന്നും പരിസ്ഥിതിക്കും തമ്മിലുള്ള ഏറ്റവും ശുദ്ധമായ, ഏറ്റവും ഗാഢമായ ബന്ധമാണിത്.

എന്നാൽ മനുഷ്യൻ ഇന്ന് ഭൂമിയെ പലവിധത്തിലും പലരീതിയിലും 'ഉപയോഗിക്കാൻ' തുടങ്ങിയിരിക്കുന്നു. ഭൂമിയെ നാമെങ്ങനെ ഉപയോഗിക്കുന്നുവെന്നത് നമ്മുടെ ഭാവിയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായിരിക്കും. അതിനാൽ വളരെ കരുതലോടെ മാത്രമേ ഭൂമിയെ ഉപയോഗപ്പെടുത്താൻ മുതിരാവൂ.

ആറടി മണ്ണെങ്കിലും സ്വന്തമായി വേണമെന്നത് ഓരോ ഇന്ത്യക്കാരന്റെയും അഭിനിവേശമാണ്. തന്മൂലം നാട്ടിലാകെ കൊച്ചുവീടുകൾ മുതൽ മണിമന്ദിരങ്ങൾ വരെ നിർമ്മിക്കപ്പെട്ടുവരുന്നു. ഇതിനെല്ലാം നാം വില നൽകേണ്ടിവരും. കൃഷിഭൂമികളിൽ കോൺക്രീറ്റ് കാടുകൾ വളർന്നുവന്നുകൊണ്ടിരിക്കുന്നു. ഇതിന്നും നാം നൽകേണ്ടിവരുന്ന പാരിസ്ഥിതിക വില പല തരത്തിലുള്ളതായിരിക്കും. ഇന്നലെവരെ ഭക്ഷ്യധാന്യങ്ങൾ വിളഞ്ഞിരുന്ന മണ്ണിൽ ഇന്നൊന്നും തന്നെ ഉല്പാദിപ്പിക്കപ്പെടുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പാരിസ്ഥിതിക വില.

ഒരു പഠനത്തിന്റെ റിപ്പോർട്ടനുസരിച്ച് അടുത്ത 20 കൊല്ലത്തിന്നകം പഞ്ചാബിന്റെ പകുതിയും നഗരവൽക്കരിക്ക ⇨

---

കമായ ഭൂമി സർക്കാർതന്നെ നൽകുന്നുവെന്നതാണ് പ്രത്യേക സാമ്പത്തികമേഖലയുടെ പ്രത്യേകത. സർക്കാർ വക ഭൂമിയല്ല ഇതിന്നു നൽകുന്നതെന്നോർക്കണം. മുതലാളി ചൂണ്ടിക്കാണിക്കുന്ന ഭൂമി, സർക്കാർതന്നെ, മുതലാളിയുടെ ഗുണ്ടയെപ്പോലെ, പാവപ്പെട്ടവരിൽനിന്ന് പിടിച്ചെടുത്ത് മുതലാളിക്ക് കാഴ്ചവക്കുകയാണ് ചെയ്യുന്നത്. ഇതിന്ന് സൗകര്യപ്പെടുന്ന വിധത്തിൽ സർക്കാർ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്.

സർക്കാർ ആവശ്യത്തിന്നുമാത്രമേ സ്വകാര്യ ഭൂമി അക്വയർ ചെയ്യാവൂ എന്നതായിരുന്നു പഴയ അക്വിസിഷൻ നിയമത്തിലെ വ്യവസ്ഥ. റോഡുണ്ടാക്കാനോ സ്കൂൾകെട്ടിടം നിർമ്മിക്കാനോമറ്റോ ആവശ്യമാണെങ്കിൽ സ്വകാര്യഭൂമി ഏറ്റെടുക്കാമെന്നർത്ഥം. എന്നാൽ ഇപ്പോൾ നിയമം മാറ്റിയിട്ടുണ്ട്. "പൊതുതാല്പര്യത്തിന് ആവശ്യമാണെന്ന് "ഗവർമ്മേണ്ടിന്ന് തോന്നിയാൽ" ഏതു ഭൂമിയും അക്വയർ ചെയ്യാം. ടാറ്റാകാർ നിർമ്മിക്കുന്നത് നാടിന്ന് ഗുണം ചെയ്യുമെന്ന് ഗവർമ്മേണ്ടിന്നു തോന്നിയാൽ, ഏതു പാവത്തിന്റെ ഭൂമിയും സർക്കാരിന്ന് അക്വയർ ചെയ്യാം. ആ ഭൂമിയിൽ, ഫാക്ടറിയുണ്ടാക്കി, ബിസിനസ്സ് നടത്തി, ലാഭം വാരുന്നത് മുതലാളിയാണെന്നത് ഒരു പ്രശ്നമല്ല. മുതലാളിക്ക് ലാഭമുണ്ടാക്കാനായി പാവങ്ങൾ അവരുടെ ഭൂമി വിട്ടുകൊടുക്കണമെന്നർത്ഥം. ഇതിന്ന് മുതലാളിയുടെ ദല്ലാളായി കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകൾ പ്രവർത്തിക്കുന്നു. ഈ അതിക്രമത്തിന്നെതിരായിട്ടാണ് സിംഗൂരിലേയും നന്ദിഗ്രാമത്തിലേയും ജനങ്ങൾ സമരം ചെയ്യുന്നത്. ആർക്കെങ്കിലും നന്മയുണ്ടാക്കാനായി കർഷകൻ ത്യാഗം സഹിക്കണമെന്നു പറയുന്നതിൽ എന്താണർത്ഥം?

❏

പ്പെടും; തമിഴ്നാടിന്റെ മുക്കാൽ ഭാഗവും മഹാരാഷ്ട്രത്തിന്റെ 61 ശതമാനവും നഗരവൽക്കരിക്കപ്പെടും. അതേസമയം ഇന്ത്യയിലെ ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നകാര്യം മറക്കരുത്. അതായത് ഒരുഭാഗത്ത് ഭക്ഷണത്തിനുള്ള ആവശ്യം വർധിക്കുന്നു; മറുഭാഗത്ത് ഭക്ഷണം ഉല്പാദിപ്പിക്കാനുള്ള ഭൂമിയുടെ വിസ്തൃതി കുറയുന്നു.

ഇന്ത്യയിലെ കമ്പനി മേഖല ഗ്രാമപ്രദേശങ്ങളെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു എന്നതാണ് മറ്റൊരു പ്രശ്നം. പ്രത്യേക സാമ്പത്തിക മേഖലകൾ, ഹൈവേകൾ, വ്യവസായശാലകൾ തുടങ്ങിയവയെല്ലാം ഗ്രാമങ്ങളിലെ ഭൂമികൈയ്യേറി കൈവശപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ കയ്യേറ്റങ്ങളിൽ ഏതാണ്ടെല്ലാംതന്നെ കൃഷിഭൂമികളിലാണുതാനും. ഇതു നമ്മുടെ ഭക്ഷ്യധാന്യോല്പാദനത്തെ എങ്ങനെ ബാധിക്കുമെന്ന് ആരും നോക്കിയിട്ടില്ല.

ഉദാഹരണത്തിന്ന് ഹരിയാനയിലെ ഝജ്ജാറിൽ സ്ഥാപിക്കുന്ന പ്രത്യേക സാമ്പത്തിക മേഖലയുടെ കാര്യം പരിശോധിക്കുക. ഇതിന്നു വേണ്ടി 10,000 ഹെക്ടർ കൃഷിഭൂമിയാണ് എടുത്തിരിക്കുന്നത്. രണ്ടരലക്ഷം പേർക്ക് ആവശ്യമായ ഭക്ഷ്യധാന്യം ഉല്പാദിപ്പിക്കാൻ ഈ ഭൂമിക്ക് കഴിയും. ഇതുപോലെ ഒരു നൂറു സാമ്പത്തികമേഖല സ്ഥാപിക്കുകയാണെങ്കിൽ രണ്ടര കോടി ജനങ്ങൾക്ക് വേണ്ടത്ര ധാന്യം വിളയിക്കേണ്ട ഭൂമി നഷ്ടപ്പെടും. ഇത് ഇന്ത്യയിലെ ജനങ്ങളുടെ രണ്ടു ശതമാനം വരും.

കൃഷിഭൂമിയുടെ ദുരുപയോഗംമൂലം രണ്ടരകോടി ജനങ്ങൾ മാത്രമല്ല പട്ടിണിയിലാകുക. ഇവരെ ആശ്രയിച്ചുജീവിക്കുന്നവരുടെ കണക്കുകൂടി കൂട്ടിയാൽ അത് മൂന്നോ നാലോ ഇരട്ടിവരും. കുറച്ചുകാലമായി ഇന്ത്യയിൽ പലേടത്തും ക്ഷാമം ഉണ്ടാകാറുണ്ട്. ഇന്ത്യയിൽ ഒരാൾക്ക് ഒരുകൊല്ലം 200 കിലോ ധാന്യമാണ് ലഭിക്കുന്നത്. ആഗോളശരാശരിപോലും 309 കിലോ ആണ്. ഇന്ത്യക്കാരെല്ലാം ലോകശരാശരിക്കൊപ്പം കഴിച്ചുതുടങ്ങിയാൽ ഇന്ത്യയിലെ ഭക്ഷ്യോല്പാദനം 31 കോടി ടൺ ആക്കേണ്ടിവരും. ഇന്ത്യയുടെ ഇപ്പോഴത്തെ വാർഷിക ഉല്പാദനം 20 കോടി ടൺ മാത്രമാണെന്നോർക്കുക. അതായത് 11 കോടി ടൺ പോരാതെവരും.

ഹരിതവിപ്ലവത്തിന്റ ഫലമായി കഴിഞ്ഞ 25 കൊല്ലംകൊണ്ട് ഇന്ത്യയിൽ അധികമായുണ്ടായ ഉല്പാദനം പത്തുകോടി ടൺ മാത്രമായിരുന്നുവെന്ന് ഓർക്കുക. അപ്പോൾ 11 കോടി ടൺ അധികം ഉല്പാദിപ്പിക്കുക എന്നത് എത്രവലിയൊരു ഭഗീരഥപ്രയത്നമായിരിക്കും. ഇതിനെല്ലാം ഉപരിയാണ് ആയിരക്കണക്കിനു ഹെക്ടർ കൃഷിഭൂമി പ്രത്യേക സാമ്പത്തികമേഖലക്കായി നൽകുന്നത്. ഇതിന്റെയെല്ലാം ആത്യന്തികഫലം ശാശ്വതക്ഷാമവും പട്ടിണിമരണങ്ങളുമായിരുക്കും.

നാം പിന്തുടർന്നുവരുന്ന നയം നോക്കുമ്പോൾ, ഭക്ഷ്യധാന്യ ഇറക്കുമതി എന്നത് ഇവിടെ ഒരു സ്ഥിരം ഇടപാടാകാനാണ് പോകുന്നതെന്നു തോന്നുന്നു. പ്രത്യേക സാമ്പത്തികമേഖലയിൽനിന്നുള്ള വരുമാനംകൊണ്ട് ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യാമല്ലോ എന്നുസമാധാനിക്കുന്നവരുണ്ടാകും. ഇത് ശരിയല്ല. ഇതിന്നു തടസ്സമായി രണ്ടു ഘടകങ്ങളുണ്ട് - ഒന്ന് ട്രാൻസ്പോർട്ട് ചാർജ്; രണ്ടാമത് വദേശികളുടെ വിലപേശൽ. അമേരിക്കയിൽനിന്നോ ആസ്ത്രേലിയയിൽനിന്നോ ഇറക്കുമതിചെയ്യുന്ന ഗോതമ്പ് റേഷൻകടയിലെത്തുമ്പോഴേക്കും വിലയുടെ പകുതിയും ട്രാൻസ്പോർട്ട് ചാർജായിത്തീരും.

ഇതിനേക്കാൾ ഭീതിജനകമാണ് വിലപേശൽ ഭീഷണി. ഭക്ഷ്യധാന്യം ഇറക്കുമതിചെയ്യുകയല്ലാതെ പോംവഴിയില്ലാതെ വരുമ്പോൾ മിച്ചരാജ്യങ്ങൾ ധാന്യവില വർദ്ധിപ്പിക്കും. അവർ പറഞ്ഞ വില നൽകി ധാന്യം ഇറക്കുമതിചെയ്യേണ്ട ഗതികേട് രാജ്യത്തിന്നു വന്നുചേരും. ❑

# പ്രത്യേക സാമ്പത്തിക മേഖല ഒരു കെടുതിയായിത്തീരും

**- കെ.എം. ദേവരാജൻ -**

പ്രത്യേക സാമ്പത്തിക മേഖലകൾ സംഘടിപ്പിക്കാനുള്ള നിയമം നാനാതരത്തിലുള്ള വിമർശനങ്ങൾക്ക് പാത്രമായിട്ടുണ്ട്. സമ്പന്നരെ ശാശ്വത സമ്പന്നരാക്കാനുള്ള ഒരു തന്ത്രമാണിതെന്ന് ചിലർ പറയുന്നു. നികുതികൊടുക്കാതേയും സർക്കാരിൽനിന്ന് നാനാതരം സൗജന്യങ്ങൾ സംഘടിപ്പിച്ചും വ്യവസായശാല നടത്തുന്നവർ, നികുതികൊടുത്ത് വ്യവസായം നടത്തുന്നവരെ നശിപ്പിക്കുമെന്ന് മറ്റുചിലർ; നമ്മുടെ കയറ്റുമതി വരുമാനത്തിൽ പകുതിയും സംഭാവനചെയ്യുന്ന ചെറുകിട- ഇടത്തരം വ്യവസായങ്ങളെ പ്രത്യേകസാമ്പത്തികമേഖലയിലുള്ളവർ ഗതികേടിലാക്കുമെന്ന് മറ്റുചിലർ. കേന്ദ്രഗവർമ്മേണ്ടിന്നും സംസ്ഥാനഗവർമ്മേണ്ടുകൾക്കും നികുതി വരുമാനത്തിൽ ഗണ്യമായ നഷ്ടം വരുത്തും; രാജ്യത്തിന്റെ വിവിധമേഖലകൾക്കിടയിലുള്ള അന്തരം വർദ്ധിപ്പിക്കും; കർഷകരെ പെരുവഴിയിലാക്കും; ഭൂമികച്ചവടക്കാർക്ക് മന്നകിട്ടും എന്നിങ്ങനെ പോകുന്നു ആക്ഷേപങ്ങൾ.

പ്രത്യകസാമ്പത്തികമേഖല എന്നത് പ്രത്യേകം വേർതിരിച്ചിടുന്ന ഒരു പ്രദേശമാണ്. ഈ പ്രദേശത്ത് ബിസിനസ് ആരംഭിക്കുന്നവർക്ക് ഗവർമെന്റിൽനിന്നും എണ്ണമറ്റ സൗജന്യങ്ങൾ ലഭിക്കും വിദേശമൂലധനത്തേയും സാങ്കേതിക വിദ്യയേയും ആകർഷിക്കാനാണിങ്ങനെ ചെയ്യുന്നത്. എല്ലാവരും മത്സരിച്ച് സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കുമെന്നാണ് വിശ്വാസം. അപ്പോൾ കുറെ പേർക്ക് തൊഴിൽ കിട്ടുമെന്നും, കയറ്റുമതിയിലൂടെ വിദേശനാണയം നേടാമെന്നും ഗവർമ്മേണ്ട് ആശിക്കുന്നു.

പ്രത്യേക സാമ്പത്തിക മേഖല എന്നത് പുതിയൊരു ആശയമല്ല. പല രാജ്യങ്ങളിലും ഇത് പരീക്ഷിച്ചിട്ടുണ്ട്. ഇവയിൽ അപൂർവ്വം ചിലവമാത്രമേ വിജയിച്ചിട്ടുള്ളൂ. അങ്ങനെ വിജയിച്ചവയിൽ ഏറ്റവും ഉജ്വലമായത് ചീനയാണ്.

ചീനയുടെ സാമ്പത്തിക മഹാത്ഭുതത്തിന്റെ പിന്നിലുള്ള പ്രചോദനശക്തി ദെങ് സിയാവോ പിങ് ആയിരുന്നു. 1979 ൽ അദ്ദേഹം പ്രത്യേക സാമ്പത്തിക മേഖല എന്ന ആശയത്തിന്ന് വമ്പിച്ച പ്രോത്സാഹനം നൽകി ചീനയുടെ വമ്പിച്ച ആഭ്യന്തര വിപണി പാശ്ചാത്യമൂലധനത്തിനും സാങ്കേതികവിദ്യക്കും തുറന്നു കൊടുക്കുന്നതിനായിരുന്നു പ്ലാൻ. തന്റെ ഉദാരവൽക്കരണ നയം എത്രത്തോളം വിജയകരമാകുമെന്നറിയാൻ അദ്ദേഹം പ്രത്യേക സാമ്പത്തികമേഖലകളെ കരുവാക്കി. ചീനയിലിപ്പോൾ, പ്രത്യേകസാമ്പത്തികമേഖലക്ക് അറുതിവന്നു. ചീനാ സമ്പദ്‌വ്യവസ്ഥ വിദേശികൾക്കായി പൂർണ്ണമായി തുറന്നു കൊടുത്തു കഴിഞ്ഞതിനാൽ അവർക്കിനി പ്രത്യേക സാമ്പത്തിക മേഖലയുടെ ആവശ്യമില്ല. വിദേശമൂലധനത്തെ അവർ ചീനയുടെ ഉൾപ്രദേശങ്ങളിലേക്ക് തിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണിപ്പോൾ. മുമ്പുസ്ഥാപിതമായ പ്രത്യേക സാമ്പത്തിക മേഖലകൾ അടച്ചു പൂട്ടുന്നതിനുള്ള പ്ലാൻ അവർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ഇന്ത്യയിൽ, ചീനയുടെ മാതൃകയിൽ, പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാൻ തീരുമാനിച്ചത് വാജ്പേയിയുടെ മന്ത്രിസഭയിലെ വാണിജ്യകാര്യമന്ത്രിയായിരുന്ന മുരശൊലി മാരനാണ്. പദ്ധതി 2000 ഏപ്രിലിൽ ആരംഭിക്കാനായിരുന്നു പ്ലാൻ. അതിന്നായി ഒരു ബില്ലും തയ്യാറാക്കി. പക്ഷെ അഞ്ചുകൊല്ലത്തിന്നുശേഷം ഡോ. മൻമോഹൻ സിങ്ങിന്റെ ഗവർമ്മേണ്ടിലെ വാണിജ്യമന്ത്രിയായ കമൽനാഥാണ് 2005 ൽ പാർലിമെന്റിൽ ബിൽ അവതരിപ്പിച്ച

പേജ് 19

# വിളക്കിൻകാലിലിടുന്നത് തടയുന്നത് കോടതിതന്നെ

**- ശ്രീറാം പാഞ്ചു -**

**അ**ഴിമതിക്കാരായ രാഷ്ട്രീയക്കാരെ തൊട്ടടുത്ത വിളക്കിൻകാലിൽ തൂക്കിലിടണമെന്ന് സുപ്രീംകോടതി ജഡ്ജിയായ ജ: മാർക്കണ്ഡേയ കാട്ജു ഈയിടെ നിർദ്ദേശിക്കുകയുണ്ടായി. സ്വാഭാവികമായും യാഥാസ്ഥിതിക നിയമജ്ഞൻമാർ അതുകേട്ട് ഞെട്ടി. ജഡ്ജിമാർ ഇങ്ങനെ അന്തംകെട്ട് സംസാരിക്കുന്നതിൽ പത്രക്കാർ ക്ഷോഭിച്ചു. പക്ഷെ നേതാക്കന്മാരുടെ അഴിമതി കൊണ്ട് പൊറുതിമുട്ടിയ ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ ഒരു ഹിതപരിശോധന നടത്തിയാൽ, ബഹുഭൂരിപക്ഷവും ജ: കാട്ജുവിന്റെ അഭിപ്രായത്തെ പിന്താങ്ങുമെന്നതിൽ സംശയമില്ല.

ഫ്രെഞ്ച് വിപ്ലവകാലത്ത് ജനരോഷത്തിന്നിരയായവരെ തൂക്കിലിടാൻ ഉപയോഗിച്ച ഇരുമ്പുകുറ്റി എന്നാണ് വിളക്കിൻകാൽ എന്ന പദത്തിന്ന് ഓക്സ്ഫോർഡ് നിഘണ്ടു നൽകിയിരിക്കുന്ന അർത്ഥങ്ങളിലൊന്ന്. ഏതായാലും ജഡ്ജി പറഞ്ഞതിനെ നാം അക്ഷരാർത്ഥത്തിൽ സ്വീകരിക്കേണ്ടതില്ല. എന്നാൽ ക്രിമിനലുകളായ നേതാക്കൻമാർക്ക് കടുത്തശിക്ഷകിട്ടുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ നാം ഗൗരവപൂർവ്വം കണക്കാക്കണം.

ക്രിമിനലുകളായ നേതാക്കന്മാരെ ശിക്ഷിക്കുക എന്നത് ഇന്ത്യയിൽ ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. അഴിമതി നിരോധന നിയമത്തിന്ന് അഴിമതി തടയാനായിട്ടില്ല. അഴിമതിക്കേസുകളിൽ ശിക്ഷിക്കുന്നത് അത്യപൂർവ്വമാണ്. ഇനി അഥവാ ആരെങ്കിലും ശിക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ അവർ ശുദ്ധപാവങ്ങളാണ്; വമ്പന്മാർ വലപൊട്ടിച്ച് രക്ഷപ്പെടും. പ്രധാനപ്പെട്ട ഒരുനേതാവു പോലും ഇവിടെ അഴികൾക്കകത്തായിട്ടില്ല. ഇവരെ സംബന്ധിച്ചിടത്തോളം നിയമത്തിന്റെ കൈകൾക്ക് ഇവരെപ്പിടിക്കാൻ വേണ്ടത്ര നീളമില്ല.

നിങ്ങളുടെ അറിയപ്പെടുന്ന വരുമാനമാർഗ്ഗങ്ങളിൽകവിഞ്ഞ സ്വത്ത് നിങ്ങൾക്കുണ്ടെന്നുകണ്ടാൽ നിങ്ങളെ അഴിമതിക്കുറ്റത്തിന്ന് ശിക്ഷിക്കാമെന്ന് അഴിമതി നിരോധന നിയമത്തിൽ പറയുന്നു. ലളിതമായ ഭാഷയിൽ പറഞ്ഞാൽ, നിങ്ങളുടെ സ്വത്ത് എവിടെ നിന്നുകിട്ടി എന്ന് നിങ്ങൾക്ക് പറയാനാകുന്നില്ലെങ്കിൽ, നിങ്ങൾ ശിക്ഷിക്കപ്പെടുമെന്നർത്ഥം. കാര്യം എത്ര ലളിതം! നമ്മുടെ നേതാക്കൻമാരുടെ പണത്തിനുള്ള ആർത്തി സുവിദിതമാകയാൽ, ഈ വലയിൽ കുടുങ്ങാത്ത ഒരാളും ഉണ്ടാകില്ല എന്നാണ് ഒരാൾ കരുതുക. എന്നാൽ നിങ്ങൾക്കുതെറ്റി. ഈ വലയിൽ ഒരു മത്സ്യം പോലും കുടുങ്ങിയിട്ടില്ല.

അതിന്നുകാരണം നിയമത്തിന്റെ ഘടനയാണ്. കേസന്വേഷിക്കേണ്ടതും പ്രോസിക്യൂട്ട് ചെയ്യേണ്ടതും ഗവർമ്മേണ്ട് ഏജൻസികളാണ്. പ്രതി അധികാരത്തിലുള്ള ആളാണെങ്കിൽ, കേസന്വേഷണം മുന്നോട്ടുപോകില്ല. പ്രതിപക്ഷത്തായാലും കാര്യമായില്ല. നാളെ അധികാരത്തിൽ വരാനിടയുള്ള ആൾക്കെതിരെ അന്വേഷണം നടക്കില്ല. നിയമം അതിന്റെ വഴിക്ക് വളരെ പതുക്കെമാത്രമേ പോകൂ എന്നതും പ്രതിക്ക് സഹായകമാണ്. കേസ് ഒച്ചിനെപ്പോലെ ഇഴഞ്ഞുനീങ്ങുന്നതിന്റെ കാരണം കോടതിയാണ്.

ഒരു നേതാവിന്നെതിരെ ഒരഴിമതിക്കേസ് ചാർജ്ചെയ്താലുടൻ അതിനെ മരവിപ്പിക്കാൻ ശ്രമം ആരംഭിക്കും. നട

പടിക്രമം സംബന്ധിച്ച് ഒരു നൂറുകൂട്ടം എതിർപ്പുകൾ ഉന്നയിക്കാം പണം കൊടുത്താൽ കിട്ടുന്ന ഏറ്റവും വമ്പനായ വക്കീലിനെ വരുത്തി വാദം നടത്താം. പ്രതിഭാഗം ഉന്നയിച്ച എതിർപ്പുകളിൽ ഏതെങ്കിലുമൊന്ന് കോടതി അംഗീകരിച്ചാൽ, അതിന്റെ വാദവും, വാദത്തിന്മേലുള്ള അപ്പീലുമെല്ലാം കഴിയുന്നതുവരെ കേസവിടെ സ്തംഭിച്ചു കിടക്കും. ഒരു എതിർവാദം അപ്പീൽ കഴിഞ്ഞുവന്നാൽ, മറ്റെന്തെങ്കിലും എതിർവാദം ഉന്നയിക്കാം. അതിലും വാദം, അപ്പീൽ എന്നിവയൊക്കെ കഴിയണം. ചുരുക്കത്തിൽ, സാക്ഷാൽ അഴിമതിക്കേസ് അനക്കാൻപോലും കോടതിക്ക് സൗകര്യം കിട്ടില്ല.

ഒരു സാമ്പിൾ: ഒരു അഴിമതിക്കേസിൽ കോടതിയിൽ സമർപ്പിച്ച രേഖകൾ ഇംഗ്ലീഷിലാണ്. തനിക്ക് ഇംഗ്ലീഷ് അറിയില്ലെന്നും, അതിനാൽ രേഖകളുടെ വിവർത്തനം കിട്ടണമെന്നും പ്രതി ആവശ്യപ്പെടും. പ്രതിക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകരെല്ലാം വെള്ളം പോലെ ഇംഗ്ലീഷ് സംസാരിക്കുന്നവരാണെന്നത് കാര്യമല്ല. കെട്ടുകണക്കിനുള്ള രേഖകളെല്ലാം പ്രതിയുടെ മാതൃഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതുവരെ കേസ് നീട്ടണം!

ഒരു വമ്പൻ നേതാവിന്നെതിരായ അഴിമതിക്കേസിന്റെ വിചാരണക്ക് ഒരു സ്പെഷൽ കോടതിയെ നിയമിക്കുന്നു. അതു നന്നായെന്നു നിങ്ങൾ പറയും നേതാവ് അഴിമതിക്കാരനാണോ അല്ലയോ എന്ന് വേഗം അറിയാമല്ലൊ. പക്ഷെ നേതാവ് സമ്മതിക്കില്ല. സ്പെഷൽ കോടതിയെ നിയോഗിച്ചതിന്റെ നിയമസാധുതയെ അയാൾ ചോദ്യം ചെയ്യും. ആ പ്രശ്നം തീരാൻ ചുരുങ്ങിയത് രണ്ടുകൊല്ലമെങ്കിലും വേണ്ടിവരും; അതുവരെ കേസ് സ്തംഭിച്ചുകിടക്കും. അതുകഴിഞ്ഞാൽ മറ്റെന്തെങ്കിലും തർക്കം ഉന്നയിക്കാം. നേതാവിനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി വാങ്ങിയിട്ടില്ലെന്നോ, വാങ്ങിയിട്ടുണ്ടെങ്കിൽ അത് നിയമാനുസൃതമല്ലെന്നോ തർക്കിക്കാം; അല്ലെങ്കിൽ ജഡ്ജിയെ നിയമിച്ചത് ശരിയാംവണ്ണമല്ലെന്ന് വാദിക്കാം; അതുകഴിഞ്ഞാൽ പ്രോസിക്യൂട്ടറുടെ നിയമനരീതി തെറ്റാണെന്നു വാദിക്കാം. ഈ ഓരോ തർക്കവും മൂന്നുകോടതികളിൽ പോയിട്ടുവേണം അവസാന തീരുമാനമുണ്ടാകാൻ.

വാസ്തവം പറഞ്ഞാൽ യഥാർത്ഥ അഴിമതിക്കേസിന്റെ അടുക്കലേക്കെങ്ങും കടക്കാൻ ജഡ്ജിക്ക് അവസരം കിട്ടില്ല–എന്തഴിമതിയാണ് കാണിച്ചത്, അതിന്നുള്ള ശിക്ഷ, അയോഗ്യത കല്പിക്കൽ, തട്ടിയെടുത്ത പണം വിണ്ടെടുക്കൽ, അഴിമതിപ്പണംകൊണ്ട് സമ്പാദിച്ച സ്വത്തുക്കൾ കണ്ടുകെട്ടൽ എന്നിവയൊന്നും ഒരിക്കലും ഉണ്ടാകാറില്ല.

ഒരു അഴിമതിക്കേസ് മൂന്നുമാസം കൊണ്ടോ ആറുമാസംകൊണ്ടോ വിചാരണ നടത്തണമെന്ന് ഒരു കോടതിയും കല്പിക്കുന്നില്ല. ദൈനംദിനകേസ് വിചാരണ നടത്താൻ വ്യവസ്ഥയുണ്ടെങ്കിൽ രണ്ടോ മൂന്നോ മാസംകൊണ്ട് ഒരു കേസിന്റെ വിചാരണ തീരും; പ്രതി കുറ്റക്കാരനാണോ അല്ലയോ, എന്ന് വേഗത്തിൽ തീരുമാനമാകും; ഉന്നത സ്ഥാനങ്ങളിലുള്ള അഴിമതിക്കാരായ രാഷ്ട്രീയക്കാരേയും ഉദ്യോഗസ്ഥരേയും ജഡ്ജിമാരേയും നേരെ ജയിലറകൾക്കുള്ളിലേക്കയക്കുന്ന ഒരു പുറത്താക്കൽ നയമുണ്ടായിരുന്നുവെങ്കിൽ, ആരും അഴിമതികാണിക്കാൻ ഭയപ്പെടും; പൊതുജീവിതം കൂടുതൽ ശുദ്ധമാകും.

അതിനാൽ അഴിമതിക്കാരെ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ നാം യഥാർത്ഥമായും ഗൗരവക്കാരാണെങ്കിൽ, അതിൽ വലിയൊരു പങ്ക് വഹിക്കുന്നത് മേൽകോടതികളാണ്. അഴിമതിയിൽനിന്ന് ഉത്ഭൂതമാകുന്ന ദുർഭരണത്തിന്ന് പരിഹാരമുണ്ടാക്കാനുള്ള പൊതു താല്പര്യക്കേസുകൾക്കായി

ഉയർന്നകോടതികൾ ഏറെ സമയവും അധ്വാനവും പാഴാക്കുന്നുണ്ട്. അതിന്നുപകരം, കോടതികളുടെ അധികാര പരിധിയിൽ തന്നെയുള്ള കാര്യങ്ങളിൽ അവർ കൂടുതൽ ശ്രദ്ധിക്കട്ടെ. പ്രതികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ പേരിൽ, അഴിമതിക്കേസുകൾക്ക് തങ്ങൾ തടയിടുകയില്ലെന്ന് കോടതി തീരുമാനിക്കട്ടെ. അങ്ങനെ ചെയ്താൽ നമ്മുടെ രാഷ്ട്രീയത്തിന്റെ, ഭരണസംവിധാനത്തിന്റെ, നീതിന്യായത്തിന്റെ സ്വഭാവംതന്നെ മാറും. ഇന്നാട്ടിൽ ഒന്നും നന്നാവില്ലെന്ന നിരാശാബോധത്തിൽനിന്ന്, ആധുനിക ഇന്ത്യയെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന സിനിസിസത്തിൽനിന്ന്, നാടിനെ രക്ഷിക്കാൻ അതിന്നുകഴിയും. പ്രശ്നത്തിന്റെ സുപ്രധാനമായ ഈ വശത്തിലേക്ക് ശ്രദ്ധയാകർഷിക്കാൻ ജഡ്ജിയുടെ "വിളക്കിൻകാൽ പ്രയോഗ" ത്തിന്നു കഴിഞ്ഞുവെങ്കിൽ, അതുണ്ടാക്കിയ കോലാഹലം ഫലവത്തായെന്നു കരുതാം. "ചിന്തിക്കാത്തവനെ ചിന്തിപ്പിക്കുന്നതുകൊണ്ട്, വാക്കുകൾക്കല്പം കടുപ്പമുണ്ടാകുന്നത് നല്ലതാണ്" എന്നാണല്ലൊ കെയിൻസ് പ്രഭു പറഞ്ഞിട്ടുള്ളത്. ❑

***പ്രത്യേക സാമ്പത്തിക മേഖല ഒരു കെടുതി.......***

ത്. എന്നാൽ ഈ ബിൽ ചീനാ മോഡലിൽനിന്നും വളരെ വ്യത്യസ്തമാണ്. പാർലിമെന്റ് പാസാക്കിയ നിയമപ്രകാരമുള്ള പ്രത്യേക സാമ്പത്തികമേഖലകൾ രാജ്യത്തിന്ന് എന്തെങ്കിലും ഗുണം ചെയ്യുമെന്നു തോന്നുന്നില്ല.

ബിൽ പാസാക്കി 15 മാസത്തിന്നകം ഗവർമ്മേണ്ട് പ്രത്യേക സാമ്പത്തികമേഖലക്കുള്ള 181 അപേക്ഷകൾക്ക് അംഗീകാരം നൽകി! അതെ 181 അപേക്ഷകൾ, അതിന്നപ്പുറം 225 അപേക്ഷകൾ പരിഗണനയിലുമുണ്ട്. പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാൻ അപേക്ഷ സമർപ്പിച്ചവർ ഇന്ത്യയിലെ അതിസമ്പന്നരാണ് – അംബാനിമാർ, ടാറ്റാമാർ, മഹീന്ദ്രമാർ, സഹാറമാർ, യുനിടെക്കുകൾ, എന്നിങ്ങനെ നീണ്ടുപോകുന്നു സമ്പന്നരുടെ പട്ടിക. ഇവർക്ക് പതിനായിരം ഏക്കർ മുതൽ 35,000 ഏക്കർവരെയാണ് ഭൂമി നൽകുന്നത്.

ഇന്ത്യയിലെ പ്രത്യേക സാമ്പത്തിക മേഖലകളുടെ കാര്യം വല്ലാത്തൊരു കടംകഥയാണ്. ഗവർമ്മേണ്ട് കർഷകരിൽനിന്നും പിടിച്ചെടുത്തു നൽകുന്ന ഭൂമിയിൽ 25 ശതമാനമേ ഉല്പാദനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ടൂ എന്ന് നിയമത്തിൽ പറയുന്നു. അതായത് നിസ്സാരവിലക്കു ഭൂമി കയ്യിലാക്കാൻ പണക്കാർക്ക് കിട്ടുന്ന ഏറ്റവും വലിയ അവസരമായിരിക്കും ഇത്. പ്രത്യേക സാമ്പത്തികമേഖല അനുവദിക്കുന്നതിൽ ഗവർമ്മേണ്ട് കാണിക്കുന്ന വെപ്രാളം അതിനേക്കാൾ ദുരൂഹമാണ്.

പ്രത്യേക സാമ്പത്തിക മേഖലാകാര്യത്തിൽ ധിറുതിപിടിക്കരുതെന്ന് ഐക്യപുരോഗമന സഖ്യത്തിന്റെ ചെയർമാനായ സോണിയാഗാന്ധി സെപ്തംബർ 24 ന്ന് ഉപദേശിക്കുകയുണ്ടായി. നികുതിവകയിൽ ഗവർമ്മേണ്ടിന്ന് 1,75,000 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന് ധനകാര്യവകുപ്പ് പറയുന്നു. പ്രത്യേക സാമ്പത്തിക മേഖലക്കാരെ ഭൂമികച്ചവടക്കാരായിട്ടേ കാണാവൂ എന്ന് റിസർവ്വ് ബാങ്ക് ഗവർണ്ണർ ഇന്ത്യയിലെ ബാങ്കുകളെ ഉപദേശിച്ചിരിക്കുന്നു!

ചീനയാണ് തങ്ങളുടെ മാതൃക എന്നൊക്കെയാണ് ഗവർമ്മേണ്ട് പറയുന്നത്. ചീന എത്രയോ ദൂരം പോയിക്കഴിഞ്ഞിരിക്കുന്നുവെന്നതാണ് വാസ്തവം. ചീനാഗവർമ്മേണ്ടിന് നിശ്ചയദാർഢ്യമുണ്ടായിരുന്നു; അച്ചടക്കമുണ്ടായിരുന്നു; ആശിച്ചതുനേടാനുള്ള ഇഛാശക്തിയുമുണ്ടായിരുന്നു. ഇന്ത്യയിൽ ഇതൊന്നുമില്ലെന്നല്ല, പ്രത്യേകസാമ്പത്തികമേഖലയെന്നത് ഇവിടെ വലിയൊരു പകൽകൊള്ളയായി മാറുകയുമാണ്. ❑

# പഞ്ചായത്ത് രാജിന്ന് തടസ്സങ്ങളേറെ

**- ലോല നയ്യാർ -**

**പ**ഞ്ചായത്ത് രാജ് എന്ന ആശയത്തിന്ന് ഗാന്ധിജിയോളം പഴക്കമുണ്ട്. ഗ്രാമസ്വരാജ് എന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ ശില്പികൾ അതിനെ നിയാമക തത്വങ്ങളിലൊന്നായി പ്രതിഷ്ഠിച്ചു. എന്നാൽ ദശകങ്ങളോളം കാറ്റത്തുകിടന്ന അതിന്ന് രക്തവും മാംസവും പ്രദാനം ചെയ്തത് രാജീവ് ഗാന്ധിയായിരുന്നു. അവസാനം നരസിംഹറാവു അത് നടപ്പാക്കുകയും ചെയ്തു. 90 കളുടെ ആരംഭങ്ങളിൽ നരസിംഹറാവു നടപ്പാക്കിയ സാമ്പത്തിക പരിഷ്കരണങ്ങൾക്കനുബന്ധമായ സാമൂഹ്യപരിഷ്കരണങ്ങളുടെ മർമ്മമായിട്ടാണിത് കരുതപ്പെട്ടത്. പഞ്ചായത്ത് രാജിന്ന് 1993 ഏപ്രിൽ 23ന്ന് വ്യവസ്ഥാപിത പദവിയും കൈവന്നു.

ജനങ്ങളിലേക്കുള്ള അധികാര കൈമാറ്റത്തിന്റെ ഉത്തമമാതൃകയായി പലരും ഇതിനെ കണക്കാക്കി. ഭരണസംവിധാനത്തിൽ കേന്ദ്രത്തിന്നും സംസ്ഥാനത്തിന്നും ശേഷം വരുന്ന മൂന്നാമത്തെ തലമായി അത് വാഴ്ത്തപ്പെട്ടു. കേന്ദ്ര-സംസ്ഥാനതലങ്ങളിൽ രാഷ്ട്രീയ പ്രമാണിമാർക്കുള്ള പ്രാധാന്യം കുറക്കാനുള്ള വിപ്ലവാത്മകമായൊരു പരിഹാരമായും പഞ്ചായത്ത് രാജ് കാണപ്പെട്ടിരുന്നു. പഞ്ചായത്ത് രാജ് നിയമം നടപ്പാക്കി പതിനഞ്ചുകൊല്ലം കഴിഞ്ഞ ഇന്ന് കുറെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെങ്കിലും കേന്ദ്രത്തിന്നും സംസ്ഥാനത്തിന്നും ബദലായ അധികാര കേന്ദ്രങ്ങളായി വളർന്നു വന്നിട്ടുണ്ട്.

എല്ലാ സംസ്ഥാനങ്ങളും ഈടുള്ള പഞ്ചായത്ത് രാജ് നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. എന്നാൽ ജനങ്ങൾക്ക് അതിനെപ്പറ്റി നല്ല ബോധമില്ല. ജനങ്ങൾക്ക് ബോധമുള്ളേടത്തെല്ലാം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഭരണാധികാരം പിടിച്ചെടുത്തിട്ടുണ്ട്.

അധികാര വികേന്ദ്രീകരണം എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ നടന്നിട്ടില്ലെന്ന് സാമ്പത്തികകാര്യവിദഗ്ധനായ ശശാങ്ക ഭീഡെ പറയുന്നു. പഞ്ചായത്ത് രാജ് തഴച്ചു വളരുന്നത് കാണാൻ രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥമേധാവികൾക്കും താല്പര്യമില്ല. പഞ്ചായത്തുകൾക്ക് അധികാരവും ധനവും കൈമാറിയിട്ടുണ്ടെന്നാണ് മിക്ക സംസ്ഥാനങ്ങളും കേന്ദ്രഗവർമ്മേണ്ടിനോട് പറയുന്നത്. ശുദ്ധനുണയാണത്. പറഞ്ഞതുപോലെ ചെയ്തിട്ടുള്ള സംസ്ഥാനങ്ങൾ കുറവാണ്. മിക്ക സംസ്ഥാനങ്ങളും പഞ്ചായത്തുകൾക്ക് ധനവും ധനവിനിയോഗാധികാരവും കൈമാറിയിട്ടില്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് പണം അനുവദിക്കുന്നതിന്ന് രാജസ്ഥാൻ, കേരളം, കർണ്ണാടകം, എന്നിവയടക്കം ആകെ ഏഴു സംസ്ഥാനങ്ങളേ സംവിധാനമുണ്ടാക്കിയിട്ടുള്ളൂ. ഈ ഏഴു സംസ്ഥാനങ്ങളുടെ കാര്യത്തിൽപോലും വലിയ അജഗജാന്തരമുണ്ട്. ഉദാഹരണത്തിൽ കേരളത്തിൽ ബഡ്ജറ്റിന്റെ 30 മുതൽ 40 ശതമാനം വരെ പഞ്ചായത്തുകൾക്ക് നൽകുമ്പോൾ, രാജസ്ഥാനിലെ പഞ്ചായത്തുകൾക്ക് കാര്യമായ ഒന്നും കിട്ടുന്നില്ല.

സ്ത്രീകൾക്ക് 33 ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്; അതുപോലെ ദളിതുകൾക്കും പ്രാതിനിധ്യത്തിന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഇതൊന്നും മിക്ക സംസ്ഥാനങ്ങളിലും ഫലവത്താകുന്നില്ല. നാട്ടുപ്രമാണിമാരെ നേരിടാനുള്ള തന്റേടം ജനങ്ങൾക്കുള്ളേടത്തോളം പഞ്ചായത്തുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. നിയമപ്രകാരം 29 വിഷയങ്ങളാണ് പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിരിക്കുന്നത്. ഇതിൽ പകുതിയിലധികവും പാരിസ്ഥിതിക വിഭവങ്ങൾ സംബന്ധിച്ചുള്ളതാണ്. എന്നാൽ ഒരു സംസ്ഥാ ⇨

# ഏകാന്ത തടവിന് ന്യായങ്ങളില്ല

**- കെ.പി.ഒ. റഹ്മത്തുല്ല -**

**പാ**ർലമെന്റ് ആക്രമണക്കേസിൽ പരമോന്നത നീതിപീഠം വധശിക്ഷക്കു വിധിച്ച അഫസൽ ഗുരു ഇപ്പോൾ മൂന്നുമാസമായി തീഹാർ ജയിലിലെ കണ്ടംസെല്ലിൽ ഏകാന്ത തടവിലാണ്. അമേരിക്കൻ സെന്റർ ആക്രമിച്ച കേസിൽ കൽക്കത്ത സിവിൽ സെഷൻസ് കോടതിയുടെ പന്ത്രണ്ടാം ബഞ്ച് വധശിക്ഷ വിധിച്ച മുഖ്യപ്രതിയായ അഫ്താബ് അൻസാരി ഇപ്പോൾ അലിപ്പൂർ സെൻട്രൽ ജയിലിലെ മൂന്നാം നമ്പർ സെല്ലിലും ഏകാന്തതടവിലാണ്. 2004 ആഗസ്ത് 24ന് തൂക്കുമരത്തിലേക്ക് അവസാന ചുവടുകൾ വെക്കുന്നതിനുമുമ്പ് ധനഞ്ജയ് ചാറ്റർജിയും ഇതേ സെല്ലിലാണ് കഴിഞ്ഞത്. അൻസാരിയെപ്പോലെ മറ്റ് ആറ് പ്രതികളും ആലിപ്പൂർ പ്രസിഡൻസി ജയിലുകളിൽ ഏകാന്ത തടവിലാണ്. ഏകാന്ത തടവ് ന്യായീകരണം അർഹിക്കുന്നതാണോ? അത് പാടുണ്ടോ? എന്ന കാര്യമാണ് നാം ആലോചിക്കേണ്ടത്. ഒറ്റക്ക് ഒരാളെ തടവിലിടുന്നത് കടുത്ത മനുഷ്യാവകാശ ലംഘനമാണ്. എന്നുമാത്രമല്ല നമ്മുടെ ഭരണഘടനയും നിയമവും അനുസരിച്ച് അത് പാടില്ലാത്തതുമാണ്. ഇന്ത്യയിൽ അപ്പീലുകൾക്കും പുനർവിചാരണക്കും സാധ്യതയുള്ള കേസുകളിൽപോലും കോടതിവിധികളനുസരിച്ച് ഏകാന്ത തടവിലിടുന്ന പതിവ് തുടരുകയാണ്. ഏകാന്ത തടവിൽ കഴിയുന്നവരെ സന്ദർശിക്കാനോ അവരുമായി സംവദിക്കാനോ ആരേയും അനുവദിക്കാറില്ല; ബന്ധുക്കളെപോലും. ജയിലധികൃതർ മരണം കാത്തുകഴിയുന്ന ഇവരോട് വളരെ ക്രൂരമായാണ് പെരുമാറ്റ്. ⇨

---

നഗവർമ്മേണ്ടും പാരിസ്ഥിതിക കാര്യങ്ങൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടില്ല. കാലാവസ്ഥാവ്യതിയാനം പോലുള്ള ആഗോളപ്രശ്നങ്ങൾ പഞ്ചായത്തുകൾക്ക് കൈകാര്യം ചെയ്യാനാവില്ലെങ്കിലും സുസ്ഥിരവികസന സംബന്ധമായ കാര്യങ്ങൾ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാനാകും. വെള്ളം, വിറക്, കാലിത്തീറ്റ എന്നിവക്കുള്ള ക്ഷാമം തീർക്കാൻ പ്രാദേശിക സമൂഹങ്ങൾ മുന്നിട്ടിറങ്ങുന്നുണ്ട്.

പക്ഷെ എല്ലാം വിജയകരമാകുന്നുണ്ടെന്നു പറഞ്ഞുകൂടാ. നിയമപ്രകാരം ഒരു ഗ്രാമത്തിൽ ഒരു വ്യവസായശാല തുടങ്ങണമെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതി വേണം. പക്ഷെ ഇതൊന്നും ആരും മാനിക്കാറില്ല. ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ബംഗാളിലെ നന്ദിഗ്രാമസംഭവം. രാജസ്ഥാനിലെ കൊറാപ്പൂർ, കാശിപ്പൂർ ഗ്രാമങ്ങളിൽ ധാതു ഖനനം നടക്കുന്നുണ്ട്. പഞ്ചായത്തുകൾ ഇതിന്നെതിരാണെങ്കിലും ഗവർമ്മേണ്ട് കാര്യമാക്കുന്നില്ല. കലാദേര ഗ്രാമത്തിൽ പ്രവർത്തിക്കുന്ന കൊക്കകോള കമ്പനി പൂട്ടിക്കുന്നതിനുള്ള പഞ്ചായത്തിന്റെ ശ്രമവും ഫലിച്ചിട്ടില്ല.

പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ കൈമാറേണ്ടതുണ്ടെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. എന്നാലെ ഗ്രാമത്തിന്റെ താല്പര്യത്തിനനുസൃതമായ തീരുമാനങ്ങളെടുക്കാൻ പഞ്ചായത്തുകൾക്കു കഴിയൂ. ഒരു പഞ്ചായത്ത് നന്നായി പ്രവർത്തിച്ചാൽ ഭരണം നന്നാകുമെന്നുമാത്രമല്ല, ഗവർമ്മേണ്ടിന്റെ വരുമാനം വർധിക്കുമെന്ന് കേരളത്തിലേയും കർണ്ണാടകത്തിലേയും അനുഭവങ്ങൾ വ്യക്തമാക്കുന്നു. കർണ്ണാടകത്തിൽ മൂന്നുകൊല്ലം മുമ്പ് പഞ്ചായത്തുകളുടെ നികുതി വരുമാനം 55 കോടി രൂപയായിരുന്നു; ഇപ്പോൾ അത് 120 കോടിയായി വർധിച്ചിരിക്കുന്നു. ബാംഗ്ലൂരിനടുത്ത ബല്ലാന്ദൂർ പഞ്ചായത്തിനെ ഈയിടെ ബാഗ്ലൂർ കോർപ്പറേഷനിൽ കൂട്ടിച്ചേർക്കുകയുണ്ടായി. അതിന്ന് തൊട്ടുമുമ്പത്തെ കൊല്ലത്തിലെ അവിടത്തെ നികുതിവരുമാനം രണ്ടരകോടി രൂപയായിരുന്നു. ❏

മറ്റു തടവുകാരും ഇവരെ ഉപദ്രവിക്കാറുണ്ട്. ഇവർക്ക് അവകാശങ്ങളൊന്നുമില്ലെന്നാണ് പൊതു സമൂഹത്തിന്റേയും ഉദ്യോഗസ്ഥൻമാരുടേയും ഉറച്ച മനസ്ഥിതി. അതിനാൽ തന്നെ ഇവരെ എല്ലാവരും വെറുക്കപ്പെട്ടവരും അകറ്റി നിർത്തേണ്ടവരുമായിട്ടാണ് കാണുന്നത്. മരണത്തേക്കാൾ ഈ അവസ്ഥയാണ് ഏകാന്ത തടവുകാരെ വല്ലാതെ വേദനിപ്പിക്കുന്നത്. എന്തെങ്കിലും കാരണവശാൽ മരണത്തിൽനിന്നും രക്ഷപ്പെട്ടാലും സാധാരണ മനുഷ്യൻമാരെപ്പോലെ ജീവിക്കാൻ ഇവർക്ക് ആകാത്തതിന്റെ കാരണവും ഇതുതന്നെയാണ്. ഏകാന്ത തടവിൽനിന്ന് രക്ഷപ്പെട്ട പലരും ആത്മഹത്യ ചെയ്യുന്നവരോ മാനസികരോഗികളോ ആയി മാറാറുണ്ടെന്ന് പഠനങ്ങൾ കാണിക്കുന്നു. ശിക്ഷാവിധിക്ക് തൊട്ടുമുമ്പ് ബന്ധുക്കളെ കാണാൻ അനുവദിക്കുന്നതിലപ്പുറം മനുഷ്യ സഹവാസം ഇവർക്ക് നിഷേധിക്കുന്നത് എല്ലാ നിയമങ്ങളുടേയും ലംഘനമാണ്. മനുഷ്യനെ പരസ്പരം ബന്ധപ്പെടുന്നതിൽനിന്ന് തടയുന്ന നിയമങ്ങൾ തന്നെ പരിഷ്കൃത സമൂഹത്തിൽ നിലനിൽക്കാൻ അർഹതയില്ലാത്തതാണ്.

സെഷൻസ് കോടതിയുടെ പ്രബലമല്ലാത്ത വധശിക്ഷാവിധിയുടെ പേരിൽ തടവുകാരെ ഏകാന്ത തടവിലിടുന്നത് 1978 ലെ സുനിൽ ബത്ര കേസിൽ വി. ആർ.കൃഷ്ണയ്യർ പാസാക്കിയ നിർദേശങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കുമെതിരാണ്.

അർ.എസ്.എസ്. നേതാവ് കെ.ടി. ജയകൃഷ്ണൻ വധക്കേസിൽ തലശ്ശേരി സെഷൻസ് കോടതി 2003ൽ പ്രതികളായ അഞ്ച് സി.പി.എമ്മുകാർക്ക് വധശിക്ഷ വിധിച്ചിരുന്നു. ഏകാന്ത തടവിലായ പ്രതികൾ ഈ വിധിക്കെതിരെ കേരള ഹൈക്കോടതിയിൽ കേസ് വാദിച്ചു. ഹൈക്കോടതി അവരെയെല്ലാം ഏകാന്ത തടവിൽനിന്ന് മോചിപ്പിക്കാൻ ആവശ്യപ്പെട്ടു. ഇപ്പോൾ, വധശിക്ഷ വിധിക്കപ്പെട്ട് കേരളത്തിൽ വിവിധ ജയിലുകളിൽ കഴിയുന്ന ആരും ഏകാന്ത തടവിലല്ല. ജയകൃഷ്ണൻ വധക്കേസിലെ പ്രതികളെ സുപ്രീംകോടതി വെറുതെ വിടുകയുണ്ടായി.

സി.പി. എം. പ്രവർത്തകരായ അഞ്ചു തടവുപുള്ളികളുടെ ഏകാന്ത തടവിനെതിരെയുള്ള പരാതിയെ തുടർന്ന് 2003 ഒക്ടോബർ 22ന് ജെ.സി. കോശിയും ജെ.കെ. തങ്കപ്പനുമടങ്ങിയ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് പറഞ്ഞു. "സെഷൻസ് കോടതിയുടെ ശിക്ഷാവിധി ഹൈക്കോടതി വിധിയുടെ തീർപ്പിനു വിധേയമായിരിക്കും. സെഷൻസ് കോടതിവിധി ഒരിക്കലും വധശിക്ഷാവിധിക്കു തുല്യമാകുന്നില്ല. സെഷൻസുകോടതി വധശിക്ഷക്കുവിധിച്ച വ്യക്തിയെന്നതിന്നു പകരം 366(2) വകുപ്പു പ്രകാരം കുറ്റവാളിയായ വ്യക്തിയെന്നാണ് വിധി പ്രസ്താവത്തിൽ പറയുന്നത്. 302 വകുപ്പുപ്രകാരം കുറ്റവാളിയെന്ന നിലയിൽ അവരെ ജയിലിലടക്കാൻ മാത്രമെ സെഷൻസ് കോടതിക്ക് അധികാരമുള്ളൂ."

ജെയിൽ മാന്വലും ജയിൽനിയമം 30(2) പ്രകാരവും വധശിക്ഷ തീർപ്പായവർക്കു മാത്രം ബാധകമായവയാണെന്ന് ഹൈക്കോടി വിധിയിൽ പറയുന്നുണ്ട്. "ഇത്രയുംകാലം ജയിലിൽ നടപ്പാക്കിയിരുന്ന തടങ്കൽ രീതികൾ പ്രതികളെ ഏകാന്ത തടവിലോ വേർതിരിച്ച ജയിലറകളിലോ പാർപ്പിക്കുന്നത് ന്യായീകരിക്കുന്നില്ല." വധശിക്ഷക്ക് ഹൈക്കോടതിയിൽനിന്നുള്ള തീർപ്പ് ആവശ്യമാണെന്ന് സൂചിപ്പിച്ച ഹൈക്കോടതി തുടർന്ന് പറയുന്നു:

"സി.ആർ.പി.സി. 366(2) വകുപ്പുപ്രകാരം ജയിലിലേക്ക് അയക്കപ്പെട്ട പരാതിക്കാർ ജയിൽശിക്ഷ വിധിക്കപ്പെട്ടവർ മാത്രമാണ്. മറ്റു ജയിൽപുള്ളികൾക്ക് അനുവദിക്കപ്പെട്ട സൗകര്യങ്ങൾ ജയിൽ ചട്ടങ്ങളും മാന്വലും പ്രകാരം ഇവർക്കും ലഭിക്കേണ്ടതുണ്ട്. ഹൈക്കോടതിയിൽ ഇവരുടെ വധശിക്ഷാവിധി അന്തിമമായി തീർപ്പാക്കുന്നതുവരെ 1894 ലെ 30(2) വകുപ്പ് ജയിൽ നിയമപ്രകാരം ഇവരെ ഏകാന്തതടവിലിടരുത്. വധശിക്ഷാവിധിയുടെ തീർപ്പ് കാത്തിരിക്കുന്നവർക്ക് കുറ്റവാളികളായ ജയിൽപുള്ളിക

ളെന്ന നിലയിൽ പൊതുസൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. ജയിൽ ചട്ടങ്ങൾക്ക് അനുയോജ്യമായി വധശിക്ഷാ വിധിക്കെതിരെ കേസ് നടത്തുന്നവരുടെ സുരക്ഷയുറപ്പാക്കാനുള്ള എല്ലാ നടപടികളും ജയിൽ അധികൃതർ ഉറപ്പാക്കേണ്ടതുണ്ട്. വധശിക്ഷാവിധി ഹൈക്കോടതിയിൽ തീർപ്പാക്കുന്നതുവരെ വധശിക്ഷക്കു വിധിക്കപ്പെട്ട ജയിൽപുള്ളികളായി കാണാൻ ജയിൽനിയമം 30(1) പ്രകാരം ജയിൽ ചട്ടങ്ങൾ 12,8 പ്രകാരം കഴിയുകയില്ല."

വധശിക്ഷക്ക് വിധിക്കപ്പെട്ടവരെ ഏകാന്ത തടവിലിടുന്നതിനെ എതിർത്തുകൊണ്ട് 1978 ലെ സുനിൽ ബത്ര കേസിൽനിന്ന് കൂടുതൽ ഉദ്ധരിച്ചുകൊണ്ട് കേരള ഹൈക്കോടതി പറയുന്നു. "നിയമപരവും ഭരണഘടനാപരവുമായ എല്ലാ പ്രതിവിധികളും തീർന്നാൽ മാത്രമേ ഒരാളെ വധശിക്ഷക്കു വിധിക്കാവൂ. വധശിക്ഷ അന്തിമമായി തീർപ്പായ ആളെ മാത്രമേ വധശിക്ഷക്ക് വിധിക്കപ്പെട്ടയാളായി കാണാവൂ. ഒരു ന്യായപീഠത്തിനും ഭേദഗതി ചെയ്യാനാവാത്തവിധം ന്യായനടപടികൾ പൂർത്തിയായ ആളെയാണ് വധശിക്ഷക്ക് വിധിക്കപ്പെട്ടവനായി പരിഗണിക്കുന്നത്. പുറമെനിന്നുള്ള അധികാര കേന്ദ്രങ്ങളുടെ ഇടപെടലുകളില്ലാതെ നടപ്പാക്കാനാവുന്ന വിധിയായിരിക്കണമത്."

ഇന്ത്യയിലെ അത്യുന്നത കോടതിയെ ഉദ്ധരിച്ചുകൊണ്ട് വിധി പ്രസ്താവം തുടരുന്നു. "സെഷൻസ് കോടതിയുടെ വിധി ഹൈക്കോടതി വിധിയുടെ തീർപ്പിന് വിധേയമായിരിക്കും. ഉന്നത കോടതി അംഗീകരിക്കുന്നത്വരെ ഒരു കോടതിയുടെയും വിധി അന്തിമമാകുന്നില്ല. നിയമപരമായ വിലയിരുത്തലിന്നപ്പുറമാണ് വധശിക്ഷാവിധിയെങ്കിൽ മാത്രമേ ഏകാന്ത തടവിന് സാധുതയുള്ളൂ. 5.30(2) പ്രകാരം യാതനയും പീഡനവും അനുഭവിക്കുന്ന ഏകാന്തതടവകാരുടെ ദുരിതം വലിയൊരളവിൽ കുറക്കാൻ ഈ വിധിക്കാവുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു."

ഹൈക്കോടതിയുടെ തീർപ്പ് ആവശ്യമാണെങ്കിലും സെഷൻസ് കോടതിയുടെ വിധി വധശിക്ഷാവിധിക്ക് തുല്യമാണെന്ന വാദത്തെ ഖണ്ഡിച്ചുകൊണ്ട് ഹൈക്കോടതി പറയുന്നു. "സെഷൻസ് കോടതിയുടെ വിധി ഹൈക്കോടതിയുടെ തീർപ്പിന് വിധേയമാണെന്ന് 366(2) വകുപ്പ് തീർത്ത് പറയുന്നു. വധശിക്ഷക്ക് വിധിക്കപ്പെട്ടവർ എന്നതിന്നു പകരം കുറ്റവാളിയെന്ന പദമാണ് പ്രയോഗിക്കുന്നത്. സെക്ഷൻ 30(2) ജയിൽ നിയമവും വധശിക്ഷ തീർപ്പായവരെ കുറിച്ചുമാത്രമാണ് പറയുന്നത്."

"വധശിക്ഷക്കെതിരെ അപ്പീൽ നൽകാൻ അവകാശമുള്ളപ്പോൾതന്നെ കോടതി നടപടികൾ പൂർത്തിയാകുന്നതുവരെ പ്രതികൾ വധശിക്ഷക്ക് വിധിക്കപ്പെട്ടവരല്ലെന്ന് പറയാനുമാവില്ല" എന്ന് ഹൈക്കോടതി വ്യക്തമാതക്കി. "പ്രൊസിക്യൂഷൻ വാദത്തിന്റെ ബലം എത്രയധികമായിരുന്നാലും ഹൈക്കോടതിയിൽ തീർപ്പാകുന്നതുവരെ ആരെയും വധശിക്ഷക്ക് വിധിക്കപ്പെട്ടവരായി ഏകാന്ത തടവിലിടരുതെന്ന രാജ്യത്തെ അത്യുന്നത കോടതി സുനിൽബത്ര കേസിലെടുത്ത തീരുമാനത്തിന് വിധേയമായാണ് നാം പ്രവർത്തിക്കേണ്ടത്. ഭരണഘടനാ രൂപീകരണത്തിന് മുമ്പുള്ള കാലത്തെ ഏകാന്ത തടവുശിക്ഷ നിർത്തലാക്കണം. നിലവിലുള്ള ജയിൽ രീതികൾക്ക് അനുസൃതമായി ഏകാന്ത തടവിൽ ജയിൽപുള്ളികളെ പാർപ്പിക്കേണ്ടതില്ല. ആയതിനാൽ പ്രൊസിക്യൂഷൻ വാദം ഞങ്ങൾക്ക് അസ്വീകാര്യമാണ്." ജയിൽ ചാടാനും മറ്റു തടവുപുള്ളികളേക്കാൾ അക്രമാസക്തരാകാനുമിടയുള്ളതിനാൽ വധശിക്ഷക്ക് വിധിക്കപ്പെട്ടവരെ മാറ്റിപ്പാർപ്പിക്കണമെന്ന വാദത്തോട് പ്രതികരിച്ചുകൊണ്ട് കേരള ഹൈക്കോടതി പറഞ്ഞു. "ഹൈക്കോടതിയുടെ തീർപ്പിന് കാത്തിരിക്കവെ ജയിലിലായിരുന്ന സുനിൽ ബത്രാ കേസിലെയും ത്രവേണി ബെൻ കേസിലെയും പ്രതികൾക്ക് കടുത്ത തടവുശിക്ഷ നൽകിയിരുന്നില്ല. സുരക്ഷാകാരണങ്ങളുടെ

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

പേരിൽ ഏകാന്തതടവിനെ ജയിൽ അധികൃതർ ന്യായീകരിക്കുമെങ്കിലും അത് ജയിൽചട്ടങ്ങൾക്ക് വിരുദ്ധമാണ്. സുരക്ഷ ഉറപ്പാക്കാനായി രാപ്പകൽ കാവൽ ഏർപ്പെടുത്താം. ജയിൽ ചട്ടങ്ങൾക്ക് അനുസൃതമായി വാദികളുടെ സുരക്ഷ ഉറപ്പാക്കാൻ പര്യാപ്തമായ നടപടികളെടുക്കാൻ ജയിലധികൃതർക്ക് അധികാരമുണ്ട്. വധശിക്ഷക്ക് വിധിക്കപ്പെട്ടവരായി പരിഗണിച്ച് പ്രതികളെ ഏകാന്ത തടവിലിടരുതെന്ന് മാത്രം.

ജയിൽ പരിഷ്കാരങ്ങളുടെ മാഗ്നാകർട്ടയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ സുനിൽബാത്രാ കേസ് വിധി ഏകാന്തതടവിനെ മനുഷ്യത്വവിരുദ്ധമെന്ന് വിശേഷിപ്പിക്കുന്നു. "ഏകാന്തതടവ് സമൂഹത്തിന്റെ മാനുഷികസത്തക്കെതിരാണെങ്കിൽ വേറെയൊരു പേരിലത് ജയിൽ വ്യവസ്ഥയിലേക്ക് കൊണ്ടുവരേണ്ടതില്ല. നിയമമെന്നത് നീതിയുടെ പ്രവർത്തനരീതിയാണ്. പീനൽകോഡും ക്രിമിനൽ പ്രൊസീജിയർ കോഡും ഏകാന്തതടവ് കടുത്തശിക്ഷയാണെന്ന് പറയുന്നു. ഏകാന്തതടവിലെ അസംബന്ധവുമായി സാമാന്യബോധം തർക്കിക്കുകയാണ്." പ്രസിദ്ധമായ സുനിൽബത്രാകേസ് തുടർന്നു പറയുന്നു. "പീനൽകോഡിന്റെ 73, 74 വകുപ്പുകൾപ്രകാരം ഉന്നതകോടതിയുടെ വിധിപ്രകാരമേ ഏകാന്തതടവ് നടപ്പാക്കാവൂ. സെക്ഷൻ 30(2) പ്രകാരം വധശിക്ഷ ഉറപ്പായവരെ മറ്റ് കോടതികളിൽനിന്ന് വേറിട്ട ജയിലറക്കകത്ത് രാപ്പകൽ കാവലോടെ പാർപ്പിക്കാനെ പറയുന്നുള്ളൂ. ഏകാന്തനായി സെല്ലിനകത്തോ ഒറ്റക്കൊരിടത്തോ അടച്ചിടണമെന്നു പറയുന്നില്ല."

ജസ്റ്റീസ് അയ്യർ ഊന്നിപ്പറയുന്നു. "നീതിയുടെയും ഭരണഘടനയുടെയും നടപടികളിലൂടെ തിരുത്താനാവാത്തവിധം പൂർത്തിയായ വധശിക്ഷ വിധിക്കപ്പെട്ടവരെയാണ് 'വധശിക്ഷക്കുവിധിക്കപ്പെട്ട ജയിൽപുള്ളി'യെന്നതുകൊണ്ട് വിശേഷിപ്പിക്കുന്നത്. വധശിക്ഷക്കുവിധിക്കപ്പെട്ടവനെന്നാൽ അന്തിമമായി നടപ്പാക്കാനാവുന്ന വധശിക്ഷക്ക് വിധിക്കപ്പെട്ടവനെന്നർത്ഥം."

വധശിക്ഷക്ക് വിധിക്കപ്പെട്ട ജയിൽപുള്ളിയുടെ ഭരണഘടനാപരമായ അവകാശങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് ജസ്റ്റീസ് കൃഷ്ണയ്യർ അസന്നിഗ്ധമായി പറയുന്നു: "ഭരണഘടനാപരമായ സ്വാതന്ത്ര്യം മുറിച്ചുമാറ്റപ്പെടുന്നതുവരെ വധശിക്ഷക്ക് വിധിക്കപ്പെട്ട കുറ്റവാളിക്ക് ഭരണഘടനാപരമായ അവകാശങ്ങളുണ്ട്. ജയിൽ ചട്ടങ്ങളുടെ 30(2) വധശിക്ഷക്ക് വിധിക്കപ്പെട്ടവരെന്ന കാരണത്താൽ തടവുപുള്ളികളെ ഏകാന്തതടവിലിടാൻ അനുവദിക്കുന്നുണ്ടെങ്കിൽ അത് 14,19,20 ആർട്ടിക്കിളുകൾക്ക് വിരുദ്ധവുമാണ്.

അഫ്സൽ ഗുരുവിന്റേയും അഫ്താബിന്റേയും അതുപോലെ ഇപ്പോൾ ഇന്ത്യയിലെ വിവിധ ജയിലുകളിൽ ഏകാന്ത തടവനുഭവിക്കുന്നവരേയും അതിൽനിന്നും മോചിപ്പിക്കാൻ ഭരണാധികാരികൾ തയ്യാറാവണം. ഏകാന്തതടവ് ഭരണകൂട ഭീകരതയുടെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ ഏകാന്തതടവിൽ അടക്കപ്പെട്ടത് അടിയന്തരാവസ്ഥ കാലത്താണ്. ഇന്ദിരയും സഞ്ജയനും അവരുടെ പ്രധാന ശത്രുക്കളെയെല്ലാം ജയിലുകളിലെ ഏകാന്തസെല്ലുകളിൽ പാർപ്പിക്കുകയായിരുന്നു. അതിന്റെ ഫലമായി ശിഷ്ടകാലജീവിതം വളരെ വിഷമത്തിലായ ഒട്ടുവളരെപേർ ഉണ്ടായിരുന്നു. ഏകാന്തതടവിൽ കിടന്ന് മാനസികരോഗം വന്നവരും കുറവല്ല. ഏതർത്ഥത്തിൽ നോക്കിയാലും മനുഷ്യരുടെ കൂട്ടുകൂടാനുള്ള, മറ്റു മനുഷ്യരുമായി ബന്ധപ്പെടാനുള്ള അവകാശം നിഷേധിക്കുന്ന ഏകാന്ത തടവ് കടുത്ത മനുഷ്യാവകാശലംഘനം തന്നെയാണ്.

❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.